

എം.വി. രാഘവൻ

# എ.കെ.ജി. പൊട്ടിക്കരഞ്ഞപ്പോൾ പിളരാതിരുന്ന പാർട്ടി

എം.വി. രാഘവൻ/ താഹ മാടായി

**തന്നേക്കാൾ മറ്റൊരാൾ വളരരുത് എന്ന ശാഠ്യം ഇ.എം.എസ്സിന്ണ്ട്. നമ്പൂതിരിപ്പാടുമായുള്ള പൊളിറ്റിക്കൽ ഫൈറ്റിന്റെ ഭാഗമായിട്ടാണ് സി.എം.പി. ഉണ്ടാക്കിയത് ■ താനൊഴികെ മറ്റെല്ലാവരും കറപ്റ്റാണ് എന്നാണ് വി.എസ്. തെളിയിക്കാൻ ശ്രമിക്കുന്നത്. അയാളുടെ ലൈഫേ ഗ്രൂപ്പിസമാണ് ■ നായനാർക്ക് ഒരു നിഷ്കളങ്കതയുമില്ല. അയാളെ കാര്യം നോക്കുകനല്ലാതെ ■ മാർക്സിസ്റ്റുകാർ ചെയ്യേണ്ടത്, ശത്രുവിന്റെ ബലം കുറയ്ക്കലാണ്; കാരാട്ടും പിണറായിയും ശത്രുക്കളെ ഒന്നിപ്പിക്കാനാണ് ശ്രമിച്ചത് ■ സി.പി.എമ്മിന്റെ മലബാറിലെ വീരനായകനായിരുന്നു എം.വി. രാഘവൻ. പ്രായോഗികതകൊണ്ടും അണികളുമായുള്ള തായ്‌വേര് ബന്ധംകൊണ്ടും മറ്റു നേതാക്കളെ അസൂയപ്പെടുത്തിയ എം.വി.ആർ. പുറത്തായി വർഷങ്ങൾക്കുശേഷം പാർട്ടിയിലെ ഗ്രൂപ്പുരഹസ്യങ്ങൾ തുറന്നുസംസാരിക്കുന്നു.**

ഇടതുരാഷ്ട്രീയത്തിലെ മഹാരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനാണ് സഖാവ് എം.വി. രാഘവൻ. എം.വി.ആർ. എന്ന മൂന്നക്ഷരത്തിൽ, തിളച്ചുമറിയുന്ന ഒരു ഭൂഖണ്ഡംതന്നെയുണ്ട്. 'മാടായി മാടൻ' എന്നാണ് രാഷ്ട്രീയ എതിരാളികൾ എം.വി.ആറിനെ പണ്ട് വിശേഷിപ്പിച്ചിരുന്നത്. വീരനായ ദൈവമാണത്രെ തെക്കൻ ഐതിഹ്യങ്ങളിൽ മാടൻ. അല്പം ചട്ടമ്പിത്തരമുള്ള ദൈവം. കൊണ്ടും കൊടുത്തും പാർട്ടിയെ വളർത്തിയ എം.വി.ആർ. പിന്നീട് സി.പി.എമ്മിൽനിന്നും പുറത്തായി. ബദൽ രേഖയായിരുന്നു പ്രശ്നം. പ്രായോഗിക പാഠങ്ങളുടെ ആചാര്യനായിരുന്നു പുറത്താക്കുന്നതിനു മുൻപ് സി.പി.എമ്മിന് എം.വി.ആർ. ഇ.എം.എസ്സിന്റെ സൈദ്ധാന്തികതയും എം.വി.ആറിന്റെ പ്രായോഗികതയും ഇരുതല മൂർച്ചയുള്ള വാളായി സി.പി.എം. ഉപയോഗിച്ച കാലമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ പാർട്ടിയിൽനിന്ന് പുറത്തായപ്പോൾ പഴയ ഇടതുപക്ഷ സഖാക്കളുടെ മനസ്സിൽനിന്ന് എം.വി.ആർ. പുറത്തായില്ല. മലബാറിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് വേരോട്ടം ഉണ്ടാക്കിയത് എം.വി.ആറാണ്. പാർട്ടി പുറത്താക്കിയതിനുശേഷം എത്രയോ ദീർഘവർഷങ്ങൾ പിന്നിട്ടു. സി.പി.എം. വീണ്ടും ആന്തരികമായ വൈരുധ്യങ്ങളാൽ ഇളകിമറിയുകയാണ്. ഈ സന്ദർഭത്തിൽ ആദ്യമായി ആഴ്ചപ്പതിപ്പിന് വേണ്ടി മനസ്സ് തുറക്കുകയാണ് എം.വി.ആർ.

**■ മുൻപ് അപ്പുക്കുട്ടൻ വള്ളിക്കുന്ന് ഇ.എം.എസ്സിനെക്കുറിച്ച് ഒരു പുസ്തകമെഴുതിയിരുന്നു; 'അറിയപ്പെടാത്ത ഇ.എം.എസ്'. സൈദ്ധാന്തിക തലത്തിൽ സി.പി.എമ്മിന് ഇ.എം.എസ്. എത്ര പ്രധാനപ്പെട്ട ആളായിരുന്നോ, പ്രായോഗിക കാര്യങ്ങളുടെ കാര്യത്തിൽ അത്രതന്നെ പ്രധാനപ്പെട്ട ആളായിരുന്നു എം.വി.ആർ. ഇ.എം.എസ്സിനെ വാഴ്ത്തുന്നതിനും കൊണ്ടാടുന്നതിനുമിടയിൽ താങ്കളെപ്പോലെയുള്ളവരെ തഴയുന്ന ഒരു സമീപനം പാർട്ടിക്കുണ്ടായിരുന്നോ?**

ഇ.എം.എസ്സിനെ സംബന്ധിച്ച് പറഞ്ഞാൽ ഒരു പാർട്ടിക്ക് അതതു കാലത്ത് മുന്നോട്ടു പോകാനുള്ള ആശയപരമായ ആയുധമണിയിക്കാനുള്ള ഒരു ജോലി ചെയ്തിട്ടുണ്ട്; അത് തെറ്റായാലും ശരിയായാലും. അത് സി.പി.എമ്മിന് മുന്നോട്ടു പോകാനുള്ള വെളിച്ചം നല്കുകയും ചെയ്തിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമാണ് ഞാൻ നടത്തിയത്. സഹകരണ സ്ഥാപനങ്ങളുണ്ടാക്കുക, ആസ്പത്രികളുണ്ടാക്കുക– അതുവഴി പാർട്ടിക്കും ജനങ്ങൾക്കും പ്രയോജ ►

നമുണ്ടാവുക. അങ്ങനെയൊരു അപ്രോച്ചാണ് ഞാൻ സ്വീകരിച്ചത്. ഇതൊന്നും സി.പി.എമ്മിന് ഇപ്പോ പൊറുക്കാൻ സാധിക്കുന്നുണ്ടാവൂല. കണ്ണൂർ എ.കെ.ജി. ആസ്പത്രി, പരിയാരം മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളും. ഇപ്പോഴും കേഴക്കുന്ന വിഴിഞ്ഞം പദ്ധതി. അങ്ങനെ ഒരുപാട് സഹകരണ സ്ഥാപനങ്ങളും കെട്ടിപ്പടുക്കുന്നതിലും അത് ജനോപകാരപ്രദമായി വളർത്തുന്നതിലുമാണ് അറിയപ്പെടാത്ത നിലയിൽ ഞാൻ ശ്രമിച്ചിട്ടുള്ളത്.

■ **ആ ഒരു കാലഘട്ടത്തിൽ സി.പി.എമ്മിന് ആൾക്കൂട്ടത്തെ ആകർഷിക്കാനുള്ള പ്രധാനപ്പെട്ട ഒരു നേതാവ് താങ്കളായിരുന്നു. ജനങ്ങളെ നന്നായി അഭിമുഖീകരിക്കാനുള്ള ഒരു കഴിവ് മറ്റാരെക്കാളും സഖാവിനുണ്ടായിരുന്നു. ഈ ജനസമ്മിതിയിൽ ഇ.എം.എസ്. എപ്പോഴെങ്കിലും അസഹിഷ്ണുത പ്രകടിപ്പിച്ചിരുന്നോ?**

അത്ണ്ട്. അസഹിഷ്ണുത പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ട്. അസഹിഷ്ണുതയെക്കുറിച്ച് പറയുമ്പം എ.കെ.ജി. ആസ്പത്രിയുണ്ടാക്കുമ്പം, അതിന് ഇ.എം.എസ് അനുകൂലിച്ചിരുന്നില്ല. അതുപോലെ പരിയാരം മെഡിക്കൽ കോളേജ് ഉണ്ടാക്കുമ്പം. അന്ന് ഞാൻ പുറത്താണ്. എ.കെ.ജി.യുണ്ടാക്കുമ്പോ ഞാൻ പാർട്ടിക്കകത്താണ്. പരിയാരം മെഡിക്കൽ കോളേജിനെതിരെയുള്ള സി.പി.എം. പ്രക്ഷോഭത്തിന്റെ പിന്നിൽ ഇ.എം.എസ്. വലിയ പങ്ക് വഹിച്ചിട്ടുണ്ട്. എന്താണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യം എന്ന് എനിക്ക് മനസ്സിലായിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജുള്ളപ്പോഴും എന്തിനാണ് കണ്ണൂരൊരു മെഡിക്കൽ കോളേജ് എന്നാ ചോദിച്ചത്. കണ്ണൂരും കോഴിക്കോടും തമ്മിൽ എത്ര ഡിസ്റ്റൻസ്സുണ്ട്. ഇപ്പൊ എത്ര മെഡിക്കൽ കോളേജുകള് വന്നു. മറ്റൊന്ന്, കോഴക്കോളേജ് എന്നാണ് മുദ്രാവാക്യം. ഞങ്ങള് മെഡിക്കൽ കോളേജ് നടത്തുമ്പോ എൻ.ആർ.ഐ. സീറ്റിന് ഇരുപത്തഞ്ചുലക്ഷം രൂപ വരെയാണ് അഞ്ചുകൊല്ലത്തേക്കുള്ള ഫീസ് വാങ്ങിയത്. ഇപ്പോ അമ്പത് ലക്ഷംവരെ വാങ്ങുന്നുണ്ട്. അന്ന് എനിക്കെതിരെ എസ്.എഫ്.ഐ.യെയും ഡി.വൈ.എഫ്.ഐ.യെയുമാണ് രംഗത്തിറക്കിയത്. അതിന്റെ ഭാഗമാണ് കൂത്തു

**ലീഗുമായി കൂട്ടുകെട്ടുണ്ടാക്കാൻ ആദ്യം ശ്രമിച്ചത് നമ്പൂതിരിപ്പാടാണ്. പിന്നീട് ലീഗുമായി കൂട്ടുകെട്ടുണ്ടാക്കാം എന്ന് വാദിച്ച ഞങ്ങളെ പുറത്താക്കിയതും നമ്പൂതിരിപ്പാടിന്റെ തിസിസാണ്. അതൊരു വല്ലാത്ത പ്രതിഭാസമാണ്.**

പറമ്പിലെ വെടിവെപ്പ്. എന്നിട്ട് എം.വി. രാഘവൻ കൊലയാളി എന്ന് വിളിപ്പിച്ചു. ഇന്ത്യയിൽ മറ്റെവിടെയുമില്ലാത്ത ഒരു സംവിധാനത്തിൽ പരിയാരം മെഡിക്കൽ കോളേജ് കെട്ടിപ്പടുക്കാൻ ശ്രമിച്ചപ്പോ അതിനെ ഡയറക്റ്റായിട്ടും ഇൻഡയറക്റ്റായിട്ടും ബഹുജനപ്രക്ഷോഭം നടത്തിയിട്ടും പാർട്ടിയുടെ ശക്തിയെ സി.പി.എം. എനിക്കെതിരെ തിരിച്ചുവിട്ടിട്ടുണ്ട്. ഇന്നും ശ്രമിക്കുന്നു.

■ **ഈ ശ്രമം മുന്നേ ഉണ്ടായിരുന്നോ? പാർട്ടിയുടെ സംഘടനാ ചർച്ചകളിൽ ഇ.എം.എസ്സിനെ ആശയപരമായി എതിരിടാറുണ്ടായിരുന്നോ?**

അത്ണ്ടായിട്ട്ണ്ട്. പ്രായോഗികമായി നമ്പൂതിരിപ്പാട് പറയുന്നത് ശരിയല്ല എന്ന് അദ്ദേഹത്തിന്റെ മുഖത്ത് നോക്കിത്തന്നെ പറഞ്ഞിട്ട്ണ്ട്. ഒരു പാർട്ടി ചർച്ചയില് സ്വാതന്ത്ര്യസമര സേനാനികൾ പെൻഷൻ വാങ്ങാൻ പാടില്ല എന്ന് ഇ.എം.എസ്സ് പറഞ്ഞു. അപ്പൊ ഞാൻ പറഞ്ഞു, വാങ്ങാൻ പാടില്ല എന്നു പറയുന്നത് നല്ല കാര്യമായിരിക്കും. പക്ഷേ, സ്വാതന്ത്ര്യ സമര സേനാനി എന്നു പറയുന്നവർക്ക് ഒരാപ്പ് ചായ കുടിക്കാനുള്ള പൈസ ആരും കൊടുക്കില്ല. പിന്നെ എങ്ങനെ അവർ ജീവിക്കും? നമ്പൂതിരിപ്പാടിന് അത് മനസ്സിലാവൂല. നമ്പൂതിരിപ്പാടിന് ഫ്ലൈറ്റ് ടിക്കറ്റ് പാർട്ടി ആപ്പീസീന്ന് കൊടുക്കും. ഡൽഹിയിൽ പോയി വരാം. ഡൽഹിയിൽനിന്ന് ഫ്ലൈറ്റ് ടിക്കറ്റ് പാർട്ടി ഓഫീസിൽ നിന്നുതന്നെ കൊടുക്കും. കേരളത്തിൽ വരാം. ഇതിന്റെ ബുദ്ധിമുട്ടൊന്നും ഇ.എം.എസ്സിനറിയില്ല. അത്തരം വാദഗതികൾ നമ്പൂതിരിപ്പാടിനെ ക്ഷോഭിപ്പിച്ചിരുന്നു. അത് ഉന്നയിക്കുന്നവരെ നശിപ്പിക്കാൻ വേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയും, അതൊക്കെ നമ്പൂതിരിപ്പാട് ചെയ്തിട്ടുമുണ്ട്.

■ **കമ്യൂണിസ്റ്റ് ആണെങ്കിലും ഇ.എം.എസ് ഒരു 'നമ്പൂതിരി' കൂടിയാണല്ലൊ. ഈ ബോധം അദ്ദേഹത്തിനുണ്ടായിരുന്നോ?**

താനൊഴിച്ച് നമ്പൂതിരിമാരാരും നന്നാവാൻ പാടില്ല എന്നൊരു കൂർമബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റുള്ളവര് വളരുന്നതില് വല്ലാത്തൊരു അസഹിഷ്ണുത നമ്പൂതിരിപ്പാടിനുണ്ടായിരുന്നു. അസഹിഷ്ണുതയ്ണ്ട് എന്ന് പറഞ്ഞാ, ഒരു സംഭവം പറയാം. നമ്മുടെ കേളു ഏട്ടൻ കോഴിക്കോട് ജില്ലാ സെക്രട്ടറിയായിരിക്ക്ന്ന കാലം. അപ്പോ കേളു ഏട്ടൻ എന്നോടു പറഞ്ഞു, നമ്പൂതിരിപ്പാട് പങ്കെടുക്കുന്ന ഒരു റാലിയുണ്ട്, നീ വരണം. പ്രസംഗിക്കണം. ഞാൻ പറഞ്ഞു, നമ്പൂതിരിപ്പാട് വരുന്ന റാലിയില് ഞാനെന്തു പ്രസംഗിക്കാനാ. കേളു ഏട്ടൻ പറഞ്ഞു, നീ വന്നേ പറ്റൂ. ഞാനങ്ങനെ പോയി. പൊതു സമ്മേളനം നടക്കുന്ന സമയത്താണ് ഞാനവിടെ എത്തുന്നത്. സ്റ്റേജിലേക്ക് മുന്നിൽക്കൂടിയേ വഴിയുള്ളു. പിറകിലുണ്ടെങ്കിൽ അതുവഴി പോകുമായിരുന്നു. ഞാനതിലേ കേറിയപ്പോ ജനങ്ങള് കൈയടിച്ചു. ഞാൻ കേളു ഏട്ടന്റെ അരികെ ചെന്നിരുന്നപ്പോ കേളു ഏട്ടൻ പറഞ്ഞു, നിന്നെ അയാള് നോട്ടമിട്ട്ണ്ട്. സൂക്ഷിച്ചോ! കേളു ഏട്ടൻ ഒരുപക്ഷേ, വൃദ്ധനാണ്. ഒരുപാട് തല്ലുകൊണ്ട നേതാവാണ്. നമ്പൂതിരിപ്പാടിനെക്കാൾ കഷ്ടപ്പെട്ടും ദുരിതമ



എ.കെ.ജി.യും ഇ.എം.എസ്സും

നുഭവിച്ച നേതാവാണ്. അങ്ങനെയുള്ള കേളു ഏട്ടനാണ് അത് പറഞ്ഞത്. അത് സത്യമാണ്. തന്നേക്കാൾ മറ്റൊരാൾ വളരരുത് എന്നൊരു ശാഠ്യം ഇ.എം.എസ്സിനുണ്ട്.

**■ ഈ ഇ.എം.എസ്. പ്രഭാവം സി.പി.എമ്മിനെ ഗുണപരമായിട്ടാണോ സ്വാധീനിച്ചത്? മറിച്ച് പിറകോട്ട് വലിക്കുകയാണോ?**

ഗുണകരമായി സ്വാധീനിച്ചു എന്നു പറയത്തക്ക സംഭവങ്ങളൊന്നുമില്ല. താത്കാലികമായി ഏച്ചുകൂട്ടിയ മുന്നണികളും മറ്റും ഉണ്ടാക്കുക, താത്കാലിക രാഷ്ട്രീയം, സെൻട്രൽ കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളായിരിക്കില്ല ചിലപ്പോ ഇവിടെ എടുക്കുന്നത്. അത് ഇ.എം.എസ്സിൻെറ രാഷ്ട്രീയമാണ്. ഒരിക്കൽ പറയും, ലീഗുമായി കൂട്ടുകെട്ടാമെന്ന്. പിന്നെ പറയും ലീഗുമായി കൂട്ടുകെട്ടിയത് കൊണ്ടാണ് വർഗീയത വളരുന്നത് എന്ന്. ഒരു വ്യവസ്ഥയുമില്ല. ലീഗുമായി കൂട്ടുകെട്ടുണ്ടാക്കാൻ ആദ്യം ശ്രമിച്ചത് നമ്പൂതിരിപ്പാടാണ്. പിന്നീട് ലീഗുമായി കൂട്ടുകെട്ടുണ്ടാക്കാം എന്ന് വാദിച്ച ഞങ്ങളെ പുറത്താക്കിയതും നമ്പൂതിരിപ്പാടിൻെറ തിസിസാണ്. അതൊരു വല്ലാത്ത പ്രതിഭാസമാണ്.

**■ ഈ വൈരുധ്യത്തെ തിരുത്താനും ചൂണ്ടിക്കാട്ടാനും പാർട്ടിക്ക് കഴിയുമായിരുന്നില്ലേ?**

പാർട്ടിക്ക് കഴിയുമായിരുന്നില്ല എന്നു മാത്രമല്ല അത് ചൂണ്ടിക്കാട്ടാൻ ശ്രമിച്ച ഞങ്ങളെപ്പോലെയുള്ളവരെ ശരിപ്പെടുത്തുകയും ചെയ്യും. ആ ശരിപ്പെടുത്തലാണല്ലോ നമുക്കെതിരായിട്ടു വന്നത്.

**■ എ.കെ.ജി.യുമായി നല്ലൊരു അടുപ്പമുണ്ടായിരുന്നല്ലോ. എകെ.ജിയെയും ഇ.എം.എസ്സിനെയും താരതമ്യപ്പെടുത്തിയാൽ കൂടുതൽ വിശുദ്ധി ആർക്കാണ്?**

എ.കെ.ജിയുടെ മഹത്ത്വം വളരെ വലുതാണ്. വലുതാണെന്ന് മാത്രമല്ല, പാർട്ടി കേഡർമാരെ സംരക്ഷിക്കാനും അവരെ സഹായിക്കാനും ശാരീരികമായി വളരെയധികം സഹായം എ.കെ.ജി.യുടെ ഭാഗത്തുന്നുണ്ടാവും. പ്രവർത്തിക്കുന്ന സഖാക്കൾക്ക് വലിയൊരു സഹായം എ.കെ.ജി.യുടെ ഭാഗത്ത് നിന്ന് എപ്പോഴും കിട്ടും. നമ്പൂതിരിപ്പാടിൽനിന്ന് അത് പ്രതീക്ഷിച്ചിട്ട് കാര്യമില്ല. 1968–ൽ ഈ പാർട്ടി ഭിന്നിക്കേണ്ടതാണ്. 1964–ൽ സി.പി.എം. രണ്ടു തട്ടായി. അതിനെ തുടർന്ന് ഒരു വിഭാഗം ഉയർത്തിയിട്ടുള്ള മുദ്രാവാക്യം അത് നക്സലൈറ്റുകാരുടെ പിടിയിലായി എന്നായിരുന്നു. അങ്ങനെ പാർട്ടി തന്നെ ’68ൽ ഭിന്നിക്കും എന്ന അവസ്ഥ വന്നു. ആ വർഷം എറണാകുളത്ത് പാർട്ടി പ്ലീനം നടന്നു. ആ പ്ലീനത്തിൽ ഞങ്ങളെല്ലാം പങ്കെടുത്തിട്ടുണ്ട്. നമ്പൂതിരിപ്പാട് ആവിഷ്കരിക്കുന്ന നയങ്ങളെ പിഴുതെറിയും എന്ന നിലയിലാണ് പ്ലീനം നടന്നത്. അന്ന് പാർട്ടി രണ്ടാവും. അന്ന് രണ്ടാവാതിരിക്കാനുള്ള കാരണം സുന്ദരയ്യയുടെ സമീപനമാണ്. സി.എച്ച്. കണാരനോട് പാർട്ടി സെക്രട്ടറിസ്ഥാനം ഒഴിയാൻ പറഞ്ഞു. എന്നിട്ട് എ.കെ.ജി.യെ സെക്രട്ടറിയാക്കി. എ.കെ.ജി. സെക്രട്ടറിയായപ്പോൾ സ്റ്റേജിൽ വന്ന് പൊട്ടിക്കരഞ്ഞ് പാർട്ടി ഐക്യത്തെക്കുറിച്ച് പറഞ്ഞു. എ.കെ.ജി.യുടെ ആ പൊട്ടിക്കരച്ചിലാണ് അന്ന് പാർട്ടി പിളർപ്പ് ഒഴിവാക്കിയത്.



കൂത്തുപറമ്പ് സഹകരണ ബാങ്ക് ശാഖ ഉദ്ഘാടനത്തിനായി എം.വി.ആർ. എത്തിയപ്പോൾ. ഡി.വൈ.എഫ്.ഐ. പ്രവർത്തകർ എം.വി.ആറിനെ തടഞ്ഞതിനെ തുടർന്നുണ്ടായ സംഘർഷമാണ് പൊലീസ് വെടിവെപ്പിനും അഞ്ചുപേരുടെ മരണത്തിനുമിടയാക്കിയത് (1994 നവംബർ 25)

ഫോട്ടോ: മധുരാജ്

**■ എ.കെ.ജിയുടെ പൊട്ടിക്കരച്ചിൽ ചരിത്രത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല എന്നാണ് തോന്നുന്നത്.**

അത് എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

**■ എ.കെ.ജി.യെപ്പോലും പൊട്ടിക്കരയിപ്പിച്ച പാരമ്പര്യം സി.പി.എമ്മിനുണ്ട് എന്ന് ചുരുക്കം.**

ഉണ്ട്. അതുപോലെ പെരളശ്ശേരി സമ്മേളനം. 1964–ൽ ചൈനീസ് ചാരന്മാരാണെന്ന് പറഞ്ഞ് ഞങ്ങളെയൊക്കെ ജയിലിൽ പിടിച്ചാക്കിയല്ലൊ. ആയിരത്തിൽപരം സഖാക്കള് ജയിലിലായിരുന്നു. 1967–ലാണ് ജയിലിൽനിന്നും വിട്ടത്. നമ്പൂതിരിപ്പാടു മാത്രമെ പുറത്തുണ്ടായിരുന്നുള്ളൂ. ജയിലിൽനിന്ന് പുറത്തുവന്നപ്പൊ ചൈനീസ് ചാരന്മാർ എന്ന പേരിൽ പിടിക്കപ്പെട്ട സഖാക്കളുടെ സ്വഭാവം വിമർശന വിധേയമായി. അച്യുതാനന്ദനും അച്യുതാനന്ദൻെറ കൂടെ തിരുവനന്തപുരത്തുണ്ടായിട്ടുള്ള പണ്ട് പാർലമെൻറ് മെമ്പറായിട്ടുള്ള അനിരുദ്ധനും ഞങ്ങള് രാജ്യസ്നേഹികളാണ് എന്ന് തെളിയിക്കാൻ രാജ്യരക്ഷാ ഫണ്ടിലേക്ക് ഫണ്ട് കൊടുക്കാനും അതുപോലെ യുദ്ധ ഫണ്ടിലേക്ക് സംഭാവന ചെയ്യാനും എന്നിട്ട് ദേശാഭിമാനം തെളിയിക്കാനും തീരുമാനിച്ചു. ജയിലിൽ വെച്ചുതന്നെ ഞങ്ങളതിനെ എതിർത്തിരുന്നു. നമ്മൾ രാജ്യസ്നേഹികളാണ് എന്നു തെളിയിക്കാൻ ഫണ്ട് കൊടുക്കേണ്ട ഒരാവശ്യവുമില്ല എന്ന് ഞങ്ങൾ വാദിച്ചു. അതുകൊണ്ട് ഞങ്ങൾ ഫണ്ട് കൊടുക്കൂല എന്ന് തീരുമാനിച്ചു. ആ അഭിപ്രായം ചർച്ചയായി. ഫണ്ട് കൊടുത്തവർക്കെതിരെ നടപടി വേണം എന്ന അഭിപ്രായമുയർന്നു. പാർട്ടിയിലത് ചർച്ചയായി. ആ സമയത്ത് ജില്ലാ സമ്മേളനം പെരളശ്ശേരിയിൽ നടക്കുന്നത്. ഫണ്ട് കൊടുത്തവരെ കമ്മിറ്റിയിൽ എടുത്തില്ല. രണ്ട് ഗ്രൂപ്പായി. പൊളിറ്റിക്കലായി തന്നെ. അല്ലാതെ ഇന്ന് അച്യുതാനന്ദനും വിജയനും ചെയ്യുന്ന മാതിരിയല്ല. അപ്പോ ▶

**എ.കെ.ജി. മരിച്ചപ്പോൾ ഞാനാണ് ഡെഡ് ബോഡി കണ്ണൂരേക്ക് കൊണ്ടുവരുന്നത്. ഇനി ഈ പാർട്ടിയെ രക്ഷിക്കാൻ ആരുണ്ട് എന്ന ചോദ്യമാണ് എ.കെ.ജി. മരിച്ചപ്പോൾ എൻെറ മനസ്സിലുണ്ടായത്. ആ ചോദ്യത്തിന് ഇന്നും ഉത്തരം കിട്ടിയില്ല. ആരും ഇല്ല.**

സി.എച്ച്. കണാരൻ



നേതൃത്വത്തിനെതിരെ നിന്നു എന്ന പേരിൽ ഞങ്ങളുടെയൊക്കെ പേരിൽ നടപടിയെടുക്കണമെന്ന് ചിലർ വാദിച്ചു. സി.എച്ച്. കണാരന്റെ നേതൃത്വത്തിലുള്ള ഔദ്യോഗിക പക്ഷത്തുള്ളവരാണ് അങ്ങനെ പറഞ്ഞത്. അന്നും പാർട്ടിയെ ഒരുമിച്ചു നിർത്തിയത് എ.കെ.ജിയാണ്.

■ **സി.എച്ച് കണാരനും അച്യുതാനന്ദന്റെ കൂടെയായിരുന്നു?**

കൂടെയായിരുന്നു എന്നു പറഞ്ഞുകൂടാ. സി.എച്ച് കണാരൻ അന്ന് ഒളിവിലായിരുന്നു. അവരെ സംരക്ഷിക്കുന്ന നയമാണ് അന്ന് എടുത്തിരുന്നത്. എ.കെ.ജി ഇടപെട്ടത് കൊണ്ട് നടപടിയില്ലാതായ എത്രയോ സംഭവങ്ങളുണ്ട്. പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി സ്ഥാനത്ത് നിന്ന് എന്നെ നീക്കിയ സമയം. അന്ന് എ.കെ.ജി. ഒരു ഐക്യത്തിന്റെ ഭാഷയിലാണ് സംസാരിച്ചത്.

■ **കണ്ണൂർ ജില്ലാ സെക്രട്ടറിയായിരിക്കുന്ന കാലത്ത് സഖാവ് അരയാക്കണ്ടി അച്യുതൻ, സഖാവ് കെ.സി. നന്ദനൻ തുടങ്ങിയ തീവ്ര ഇടതു യുവനിരയുടെ ഭാഗത്താണ് സഖാവെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.**

അല്ല; അത് പാർട്ടിക്കുള്ളിലുള്ളവര് തന്നെ ഞങ്ങളെ പുറത്താക്കാൻ നക്സലുകളാണെന്ന് പറഞ്ഞിട്ടുണ്ട്. നക്സൽ പൊളിറ്റിക്സുമായി യാതൊരു ബന്ധവും എനിക്കില്ല. ഈ അരയാക്കണ്ടി അച്യുതനും കെ.സി. നന്ദനനും നക്സൽ പൊളിറ്റിക്സുമായി കൈകോർത്തു എന്ന നിലയിൽ ഞാൻ തന്നെയാണ് അവരെ പാർട്ടിയിൽ നിന്നും പുറത്താക്കാൻ നേതൃത്വം കൊടുത്തത്. സി.എച്ച്. കണാരൻ എന്നോടത് ആവശ്യപ്പെട്ടിരുന്നു. ആ ഘട്ടത്തിലും അനേകം



എം.വി.ആറും പിണറായി വിജയനും

പാർട്ടി സഖാക്കളെ പാർട്ടിയിൽത്തന്നെ നിർത്താൻ സഹായിച്ചത് എ.കെ.ജിയുടെ സമീപനമാണ്. ഒരുപക്ഷേ, എ.കെ.ജി. ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നെ പുറത്താക്കുന്നതിലേക്ക് നയിച്ച ആ ഭിന്നിപ്പും ഒഴിവാക്കുമായിരുന്നു.

■ **എ.കെ.ജി. എപ്പോഴെങ്കിലും പാർട്ടിയെക്കുറിച്ചോ ഇ.എം.എസ്സിന്റെ പ്രവർത്തനശൈലിയെക്കുറിച്ചോ ഉത്കണ്ഠയോടെ വ്യക്തിപരമായി സംസാരിച്ചിരുന്നോ?**

അത് പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഇവരുമായി മുന്നോട്ടു പോകാൻ കഴിയില്ല എന്ന വലിയൊരു ഉത്കണ്ഠ എ.കെ.ജിക്കുണ്ടായിരുന്നു. പക്ഷേ, അതൊരു ഗ്രൂപ്പ് പ്രവർത്തനമാക്കി എ.കെ.ജി മാറ്റിയിരുന്നില്ല. ഇ.എം.എസ്സിനോട് വ്യക്തിപരമായി വലിയ ബഹുമാനം വെച്ച് പുലർത്തുമ്പോഴുംതന്നെ സംഘടനാപരമായ വിയോജിപ്പ് തുറന്നുപറഞ്ഞിരുന്നു. ഈയെമ്മിന് ഒന്നും പറഞ്ഞാ മനസ്സിലാവൂല എന്ന് എ.കെ.ജി. പറയും.

■ **പാർട്ടിയുടെ ആ പഴയ കാലത്ത് അച്യുതാനന്ദന്റെ റോൾ എന്തായിരുന്നു?**

അച്യുതാനന്ദൻ ഗ്രൂപ്പിസത്തിന്റെ ഒരാളാണ്. ആലപ്പുഴയിൽ ടി.വി. തോമസ്സിനെതിരായും സുശീലയ്ക്കെതിരായും എന്തിന് എ.കെ.ജിക്കെതിരായിപ്പോലും ഗ്രൂപ്പിസം കളിച്ചിട്ടുണ്ട്. അയാളുടെ ലൈഫേ ഗ്രൂപ്പിസമാണ്. പിണറായിയെ കൂട്ടി ഞങ്ങൾക്കെതിരെ ഗ്രൂപ്പിസം കളിച്ചു. അവസാനം പിണറായിക്കെതിരായും ഗ്രൂപ്പിസമായി. അവര് തമ്മിലിപ്പം അടിയായി. അതാ വിശേഷം.

■ **സഖാവ് വി.എസ്. ഗൗരിയമ്മയെ സന്ദർശിച്ചില്ലെ. ഈ പ്രത്യേക രാഷ്ട്രീയ സന്ദർഭത്തിൽ ആ സന്ദർശനത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

അതെല്ലാം ഒരു വാർത്തയെന്നെല്ലാണ്... വി.എസ്. അച്യുതാനന്ദൻ ഇപ്പം ശ്രമിക്കുന്നത് അയാളെ ഇമേജ് നിലനിർത്താനാണ്. ഒരു കറപ്ഷനെതിരെ നിൽക്കുന്ന നേതാവാണ് താനെന്നൊരു ബലം കിട്ടിയല്ലൊ... പൊളിറ്റിക്കലായ ഒരു വിഡ്ഡിത്തമാണ് പിണറായി കാണിച്ചത്. ഇയാള് ഒരു എം.എൽ.എ. ആയിട്ടുപോലും മത്സരിക്കാൻ പാടില്ല എന്ന് പിണറായി തീരുമാനിച്ചു. അതിനെതിരെ അയാള് ഫൈറ്റ് ചെയ്തു. അവസാനം മുഖ്യമന്ത്രിയാക്കേണ്ടി വന്നു. അത് പിണറായീന്റെ കൊള്ളരുതാത്ത നയം കൊണ്ട് സംഭവിച്ചതാണ്. താനൊഴികെ മറ്റെല്ലാവരും കറപ്റ്റാണ് എന്നാണ് അച്യുതാനന്ദൻ



വി.എസ്സിനൊപ്പം എം.വി.ആർ.

തെളിയിക്കാൻ ശ്രമിക്കുന്നത്. അതിലൊരളവ്വരെ അയാാം വിജയിച്ചിട്ടുണ്ട്. പിണറായിയുടെ കൊള്ളരുതായ്മ കൊണ്ടാണ് അത് സംഭവിച്ചത്.

**■ സഖാവിന് സി.പി.എമ്മിലെ നേതാക്കന്മാരെയൊക്കെ നന്നായിട്ടറിയാം. പണ്ടുതൊട്ടേ അറിയാം. വി.എസ്സിനെയും പിണറായിയെയും താരതമ്യപ്പെടുത്തുകയാണെങ്കിൽ കൂടുതൽ മികവ് ആർക്കാണ്? വ്യക്തിപരമായ ഒരഭിപ്രായമാണ് വേണ്ടത്.**

രണ്ട് വശങ്ങളുണ്ടെങ്കിലും കുറച്ച് ഭേദം അച്യുതാനന്ദൻ തന്നെയാണ്. ഗ്രൂപ്പിസത്തിന്റെ ദൂഷ്യം ഉണ്ടെങ്കിലും കുറച്ച് ഭേദം അച്യുതാനന്ദനാണ്. പിണറായി ധിക്കാരിയാണ്.

**■ പിണറായിക്കെതിരെ നിരന്തരമുണ്ടാകുന്ന ഈ ആരോപണങ്ങളെ മറ്റൊരു രീതിയിൽ കാണാൻ കഴിയുമോ? അതായത്, മലബാറിലെ പാർട്ടി നേതാക്കന്മാരെ നിർവീര്യരാക്കുക എന്ന തെക്കൻ ലോബിയുടെ ഒരു നിരന്തരശ്രമമായി ഇതിനെ കാണാൻ കഴിയുമോ?**

തെക്ക് എന്ന് പറയുമ്പം... തിരുവിതാംകൂർ ലോബിയോ? ഹേയ്... നമ്പൂതിരിപ്പാട് അങ്ങനെ ശ്രമിച്ചിരുന്നു. പന്ത്രണ്ടാം പാർട്ടി കോൺഗ്രസ്സിന്റെ ഭാഗമായിട്ടുള്ള സ്റ്റേറ്റ് സമ്മേളനം എറണാകുളത്താണ് നടന്നത്. ബദൽ രേഖയുടെ പ്രശ്നങ്ങളം ആ സമ്മേളനത്തിലാണ് വരുന്നത്. അന്ന് നമ്പൂതിരിപ്പാട് തിരുവിതാംകൂർ സഖാക്കളെ കൂടെ നിർത്തുന്നതിനുവേണ്ടി പറഞ്ഞു: കണ്ണൂർ ലോബിയാണ് ഈ കുഴപ്പങ്ങളുണ്ടാക്കുന്നത്. അത് തിരുവിതാംകൂർ ഭാഗത്തുള്ളവരെ കൈയിലെടുക്കുന്നതിനു വേണ്ടിയായിരുന്നു. അങ്ങനെയൊരു ശ്രമം നടന്നിരുന്നു.

**■ കണ്ണൂർ സഖാക്കളംക്കെതിരെയുള്ള ഒരു ഗ്രൂപ്പ് പ്രവർത്തനം ഇപ്പോഴില്ല?**

അന്നില്ല. അന്ന് ശക്തരായ പാർട്ടിനേതാക്കളം കണ്ണൂരുണ്ടായിരുന്നു.

**■ സഖാവിന്റെ യൗവനത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു രാഷ്ട്രീയപ്രവർത്തനത്തിലാണല്ലോ സഖാക്കളം മുഴുകിയത്. പിന്നെ ഓരോ കാരണത്താൽ ഓരോ നേതാക്കളം പാർട്ടിയിൽ നിന്ന് പുറത്തായി. എം.വി.ആർ, ഗൗരിയമ്മ, ഒ. ഭരതൻ... ഇവരൊക്കെ പാർട്ടിയിലുണ്ടായിരുന്നെങ്കിൽ വലിയ ശക്തിയായി സി.പി.എം. നിലനില്ക്കുന്നുണ്ടാവില്ലെ?**

ഉണ്ടാവും, തീർച്ചയായും. തുടർച്ചയായ ഭിന്നിപ്പില്ലായിരുന്നെങ്കിൽ പാർട്ടി ശക്തിപ്പെടുമായിരുന്നു. അതിന്റെയൊരു ലീഡർഷിപ്പ് നല്കാൻ നമ്പൂതിരിപ്പാടിന് സാധിച്ചില്ല.

**■ സി.പി.എമ്മിന്റെ സൈദ്ധാന്തിക ആചാര്യനായിരിക്കെത്തന്നെ ഇ.എം.സ്സിന്റെ പ്രവർത്തനങ്ങളം പാർട്ടിയെ മറ്റൊരു രീതിയിലേക്ക് കൊണ്ടുപോയി.**



**വർഗീസ്, എം.വി.രാഘവൻ. പിന്നീട് നക്സലൈറ്റായി വയനാട്ടിൽ രക്തസാക്ഷിത്വം വരിച്ച വർഗീസ് സി.പി.എമ്മിലായിരുന്നപ്പോൾ എം.വി. രാഘവന്റെ പ്രിയതോഴനായിരുന്നു. മാനന്തവാടിയിലെ ബേബി തങ്കപ്പന്റെ സ്റ്റുഡിയോവിൽവെച്ച് അക്കാലത്തെടുത്ത ഈ ഫോട്ടോ എം.വി.ആറിന്റെ വീട്ടുചുവരിൽ ഇപ്പോഴുമുണ്ട്.**

അയാള് മാന്യനാണെന്ന് തെളിയിക്കാൻ വേണ്ടി എപ്പോഴും ശ്രമിച്ചു. അല്ലാതെ വേറൊന്നുമില്ല.

**■ സഖാവ് വർഗീസ് ഓഫീസ് സെക്രട്ടറിയായിരുന്ന കാലത്താണല്ലോ എം.വി.ആർ. ജില്ലാ സെക്രട്ടറിയാവുന്നത്. വർഗീസിനെക്കുറിച്ചുള്ള ഓർമകളം?**

**താനൊഴികെ മറ്റെല്ലാവരും കറപ്റ്റാണ് എന്നാണ് വി.എസ്. തെളിയിക്കാൻ ശ്രമിക്കുന്നത്. അതിലൊരളവ്വരെ വിജയിച്ചിട്ടുണ്ട്. പിണറായിയുടെ കൊള്ളരുതായ്മ കൊണ്ടാണത് സംഭവിച്ചത്. ഗ്രൂപ്പിസത്തിന്റെ ദൂഷ്യം ഉണ്ടെങ്കിലും കുറച്ച് ഭേദം അച്യുതാനന്ദനാണ്. പിണറായി ധിക്കാരിയാണ്.**

വർഗീസ് നല്ല പ്രവർത്തകനായിരുന്നു. വീട്ടിൽ കഴിവില്ലാത്തതുകൊണ്ട് പാർട്ടി ഓഫീസിൽ തന്നെയായിരുന്നു താമസിച്ചിരുന്നത്. ഞാൻതന്നെ മുൻകൈ എടുത്താണ് വർഗീസിനെ വയനാട്ടിൽ കർഷകതൊഴിലാളികളെ സംഘടിപ്പിക്കാനയച്ചത്. നല്ല ഓർഗനൈസറായിരുന്നു. വർഗീസ് നക്സലൈറ്റ് വലയത്തിൽ പെട്ടു എന്നറിഞ്ഞപ്പോ ഞാൻ വയനാട്ടിലേക്ക് പോയി. വർഗീസുമായി ദീർഘനേരം സംസാരിച്ചു. ഞാൻ വർഗീസിനോട് തിരിച്ച് കണ്ണൂരിലേക്കുതന്നെ വരാൻ പറഞ്ഞു. എന്നാൽ വർഗീസ് തിരിച്ച് കണ്ണൂര് വന്നപ്പോഴം കാന്തലോട്ട് കരുണനെപ്പോലെയുള്ള വീരന്മാരെയാണ് കണ്ടത്. എന്നെ കാണരുതെന്ന് കാന്തലോട്ട് കരുണൻ വർഗീസിനോടു പറഞ്ഞു. നീയും രാഘവനെ പോലെ ഒരു റിവിഷനിസ്റ്റാവണ്ട എന്നു പറഞ്ഞ് വർഗീസിനെ കാന്തലോട്ട് കരുണൻ വയനാട്ടിലേക്കുതന്നെ തിരിച്ചയച്ചു. പിന്നീട് വർഗീസിനെ ഞാൻ കണ്ടിട്ടില്ല. വർഗീസ് യഥാർഥവിപ്ലവം തുടങ്ങി എന്നു വിചാരിച്ച് പുറപ്പെട്ടു. വർഗീസിനെ വിപ്ലവത്തിലേക്ക് പറഞ്ഞുവിട്ടവർ പാൽക്കച്ചവടവും മറ്റു ചെറിയ ചെറിയ കച്ചവടവുമായി പോയി. ഇതാണ് വിപ്ലവമെന്ന് വിചാരിച്ച് വർഗീസ് കൊല്ലപ്പെടുകയും ചെയ്തു.

**■ അന്ന് വയനാട്ടിൽ വെച്ച് വർഗീസുമായി ദീർഘനേരം സംസാരിച്ചത് എന്താണ്?**

ചൂഷണത്തിനെതിരെ സായുധ കലാപം നടത്തണം എന്നുതന്നെയാണ് വർഗീസ് എന്നോട് പറഞ്ഞത്. അന്ന് സംസാരിച്ചപ്പോഴം വർഗീസിന്റെ മനോഭാവത്തിൽ കുറച്ചു മാറ്റം വന്നതായി എനിക്ക് തോന്നി. കണ്ണൂര് വന്നപ്പോ വർഗീസ് മറ്റേ ഗ്രൂപ്പുകാരെ കണ്ടു. എന്നെ കാണാതെ തിരിച്ചുപോയി. വർഗീസിന്റെ മരണം എനിക്ക് വ്യക്തിപരമായി വലിയൊരു ആഘാതമായിരുന്നു. വർഗീസിനെ കൊന്നതാണെന്ന് അന്നേ ഞാൻ പറഞ്ഞിരുന്നു.

**■ കാന്തലോട്ട് കരുണനും കെ.പി.ആർ. ഗോപാലനും ഒക്കെയുള്ള ആ കാലഘട്ടത്തിൽ തന്നെയാണ് സഖാവ് നായനാരും പ്രവർത്തിക്കുന്നത്. അനന്തരവനോട് കലഹിക്കുന്ന ഒരു കാരണവരായി കെ.പി.ആർ... കെ.പി.ആറിനെ ഓർക്കുമ്പോഴം?**

കമ്യൂണിസ്റ്റ് മൂവ്മെന്റിനുവേണ്ടി വളരെ ത്യാഗം സഹിച്ച ആളാണ് കെ.പി.ആർ. ഒരു തീവ്ര ഇടത് ചിന്ത കെ.പി.ആറിനുണ്ടായിരുന്നു. അങ്ങനെയാണ് ബോൾഷെവിക് പാർട്ടി രൂപവത്കരിക്കുന്നത്. ഈ പ്രവർത്തനം ഗുണം ചെയ്യില്ല എന്ന് കെ.പി.ആറിനോട് പറഞ്ഞിരുന്നു. ആര്യനും അതിന്റെ കൂടെയുണ്ടായിരു ▶

ന്നു. അവരോട് എനിക്ക് ഏറ്റവും വിരോധം വന്നത് സഖാവ് അഴീക്കോടന്റെ വധമാണ്. സഖാവ് അഴീക്കോടൻ തൃശ്ശൂര് ബസ്സിറങ്ങി ലോഡ്ജിലേക്ക് പോകുമ്പോൾ ബോൾഷെവിക്ക് റൗഡികൾ അഴീക്കോടനെ റോഡിൽ വെച്ച് കൊലപ്പെടുത്തുകയാണ് ചെയ്തത്. അതിനുശേഷം ഒരു മാനസിക വിരോധം ആ ഗ്രൂപ്പുമായിട്ടുണ്ടായിരുന്നു.

**■ അത് അവര് തന്നെയായിരുന്നോ? പിറകിൽ മറ്റാരുടേയോ കൈ...**

അവര് തന്നെ. മറ്റെല്ലാം വെറുതെ പറയുന്നതാണ്. സംശയമില്ലായിരുന്നു. നമ്പൂതിരിപ്പാട് നിയമസഭയിൽ പറയുകയും ചെയ്തിരുന്നു. കരുണാകരന്റെ കൈ അതിന്റെ പിന്നിലുണ്ടെന്ന്.... അത് ശരിയല്ല.

**■ നായനാരാണ് താങ്കൾ കണ്ടതിൽ വെച്ച് ഏറ്റവും വലിയ രാഷ്ട്രീയ അവസരവാദിയെന്ന് പല സന്ദർഭങ്ങളിൽ പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ പയ്യാമ്പലത്ത് നായനാരുടെ ശവസംസ്കാരം നടക്കുമ്പോൾ വളരെ ഏകാന്തനായി നില്ക്കുന്ന എം.വി. ആറിനെ കാണാം.**

അത് ഞാനും തമ്മിലുള്ള വ്യക്തിപരമായ അടുപ്പം കൊണ്ടെന്നല്ലാതെ... നായനാർ വലിയൊരു അധികാര മോഹിയാണ്, ആക്ച്വലായിട്ട്. നായനാർക്ക് മത്സരിക്കാൻ പാലക്കാട് പാർലമെന്റ് സീറ്റ് കൊടുക്കും. എ.കെ.ജിക്ക് മത്സരിക്കാൻ ഷുവറായിട്ടുള്ള ഒരു സീറ്റുവേണം, കാസർകോഡ് ശരിയാവൂല. നായനാരോട് മാറാൻ പറഞ്ഞു. നായനാർക്ക് അത് ഇഷ്ടപ്പെട്ടില്ല. വീട്ടിൽ പോയി കുത്തിയിരുന്നു. അങ്ങനെയാണെങ്കിൽ തനിക്ക് മത്സരിക്കാൻ അസംബ്ലി വേണം എന്നു പറഞ്ഞു. അന്നയാൾ പോണ്ടതാണ്. പി.വി. കുഞ്ഞിക്കണ്ണൻ മുൻകൈ എടുത്ത് നായനാരെ മാറ്റാൻ ശ്രമിച്ചു. കുഞ്ഞിക്കണ്ണൻ ഇ.എം.എസ്സിനെ പോയി കണ്ടു. അമ്മാതിരി കേസ്കെട്ടൊന്നും കൊണ്ട് ഇങ്ങട്ട് വരണ്ട എന്ന് ഇ.എം.എസ് പറഞ്ഞു. പിന്നെ എ.കെ.ജി. തന്നെയാണ് ഒരു കോംപ്രമൈസ് കണ്ടെത്തുന്നത്. അങ്ങനെ ഇരിക്കൂർ തിരഞ്ഞെടുപ്പു വന്നു. ഞാനുമായി വളരെ ക്ലോസായിട്ടുള്ള ആളാണ് നായനാർ. നായനാർ എന്നെ വിളിച്ച് ആഗ്രഹം പറഞ്ഞു, ഇരിക്കൂറ് മത്സരിക്കണം. ഞാനന്ന് ജില്ലാ സെക്രട്ടറിയാണ്. നായനാറ് സംസ്ഥാന സെക്രട്ടറിയും. പാർട്ടീന്റെ തീരുമാനം അനുസരിച്ച് സംസ്ഥാന സെക്രട്ടറി സ്ഥാനം ഒഴിയണം. ഇയാൾക്ക് മത്സരിക്കണം എന്ന അത്യാഗ്രഹവും. നായനാറുടെ ഈ അത്യാഗ്രഹം ഞാൻ ജില്ലാ കമ്മിറ്റിയിൽ വെച്ചു. ആരും അനുകൂലിച്ചില്ല. ഇ.പി. കൃഷ്ണൻ നമ്പ്യാര് അല്ലെങ്കിൽ പാട്യം ഗോപാ



ഇ.കെ. നായനാർ

ലൻ ഇവരാണ് ലിസ്റ്റിൽ. ഞാൻ എനിക്കുള്ള മുഴുവൻ ശക്തിയുമെടുത്ത് നായനാർക്കുവേണ്ടി വാദിച്ചു. ഒരു സംസ്ഥാന സെക്രട്ടറിക്ക് അസംബ്ലിയിൽ മത്സരിക്കണം എന്ന് തോന്നിയാൽ എന്താ ചെയ്യാ? എന്റെ ബലം പ്രയോഗിച്ച്, വലിയ സംഘർഷത്തിൽ നിന്ന് ആ സീറ്റ് രക്ഷിച്ചെടുത്ത് നായനാർക്ക് കൊടുത്തു. നിങ്ങള് മാടായിലാണല്ലൊ. ലീഗ്കാരെ സ്വഭാവം അറിയാലോ... പട്ടികയിലുള്ള വോട്ട് മുഴുവൻ ലീഗ്കാര് ചെയ്യും. എന്നു പറഞ്ഞാൽ... കള്ളവോട്ട്. ഇതിനെ തടയണം. അതിന് ഞാനൊരു അടവുനയം സ്വീകരിച്ചു. പിണറായീല് അന്ന് പാർട്ടിക്ക് ഒരു ഗുണ്ടാസെറ്റ്ണ്ട്. അവരെ ഒരു പത്തു പതിനഞ്ചാളെ ജീപ്പിൽ കേറ്റി. ഞാനൊരു കാറില് മുമ്പിലും അവര് ജീപ്പില് പിറകിലുമായി ഇരിക്കൂറേക്ക് പുറപ്പെട്ടു. ഇരിക്കൂറിൽ ലീഗ്കാർ പട്ടികയിൽ മുഴുവൻ വോട്ടും ചെയ്യുന്ന ബൂത്തിൽ കേറി ഞാൻ ചോദിച്ചു: ആരെടാ കള്ളവോട്ട് ചെയ്യുന്നത്? ബൂത്തിലുള്ള മുഴുവൻ ആളുകളും എനിക്കുനേരെ വന്നു. ഞാൻ ഇറങ്ങി നടന്നു. ഞാൻ നടക്കുമ്പോ ഏറ് വര്ന്നുണ്ട്. ആരും അടുത്ത് വന്ന് ആക്രമിക്കുന്നില്ല. ഒപ്പം വന്ന പിണറായിലെ പാർട്ടി ഗുണ്ടകള് ലീഗുകാരുടെ അടി വാങ്ങിക്കൂട്ടുന്നുണ്ട്. ഇരിക്കൂർ ടൗണില് ഒരു പാർട്ടി ഓഫീസുണ്ട്. ഒരു വാടക കെട്ടിടം. ഞാനവിടെ കേറി. പിണറായീന്ന് വന്ന അടി വിദഗ്ധരെ ലീഗുകാറ് അടിച്ചു പഞ്ചറാക്കി. എന്റെ കാറ് കത്തിക്കാൻ ഒരു കൂട്ടം ആളുകള് പുറപ്പെട്ടിട്ടുണ്ട് എന്ന് ഞാനറിഞ്ഞു. എം.എൽ.എ. ക്വാട്ടയില് വാങ്ങിയ കാറാണ്. കാർ കത്തിക്കും എന്നുറപ്പായപ്പോ ഞാൻ ഡ്രൈവറോട് പറഞ്ഞു കാറിന്റെ ജീവൻ ബാക്കി വേണങ്കില് നീ കാറുമായി പോയ്ക്കോ... (എം.വി.ആർ ചിരിക്കുന്നു...) ദേശാഭിമാനിക്കാരൻ അതില് കേറി ഡ്രൈവറോട് പറഞ്ഞു, ചവിട്ടെടാ ചവിട്ട്... (ചിരി...) എനിക്കാണെങ്കിൽ ഏറ് വന്ന് വീഴുന്നുണ്ട്. കാല്ന്ന് ചോരയെല്ലാം ഒലിക്കുന്നുണ്ട്... അപ്പോ അന്നത്തെ എസ്.പി, പിന്നീട് ഡി.ജി.പിയായ ചാലി ഒരു വണ്ടിയുമായി വന്നു പറഞ്ഞു: നിങ്ങളെ ഞങ്ങള് കസ്റ്റഡിയിലെടുക്കുന്നു. എന്നെ ലീഗുകാരിൽ നിന്ന് രക്ഷിക്കാൻ വേണ്ടി തന്ത്രപരമായ നീക്കമാണ് ചാലി നടത്തിയത്. ലീഗുകാരുടെ ഏറ് എന്ന് പറഞ്ഞാ എമ്മാതിരി ഏറാ... വൈകുന്നേരം നമ്പൂതിരിപ്പാടും എ.കെ.ജിയും പറഞ്ഞു, നായനാറ് തോൽക്കും. ഞാൻ പറഞ്ഞു, ജയിക്കും. ഈ കുഴപ്പത്തിനിടയിൽ പട്ടികയിലുള്ള വോട്ട് ചെയ്യാൻ ലീഗുകാര് മറന്നു. എന്നെക്കൊള്ളല്ലെ അവര് വന്നത്. അതാ ഞാൻ മനസ്സിൽ കൂട്ടിയ തന്ത്രം. നായനാറ് അന്ന് ജയിച്ചു. ആയിരത്തഞ്ഞൂറ് വോട്ടിനോ മറ്റോ. ഞങ്ങള് ജീവൻ പണയപ്പെടുത്തിയാ നായനാറെ ജയിപ്പിച്ചത്. എന്നിട്ടും നായനാർ കാണിച്ചത് വഞ്ചനയുടെ ചരിത്രമാണ്. എൺപതില് നായനാർ മുഖ്യമന്ത്രിയായ ആ കാലത്ത് പാർട്ടിയില് മറ്റൊരഭിപ്രായം വന്നിരുന്നു. ടി.കെ. രാമകൃഷ്ണൻ മുഖ്യമന്ത്രിയാവട്ടെ. അയാള് ഇയാളേക്കാൾ വഷളാ. അതുകൊണ്ട് പുത്തലത്ത്, ചാത്തുണ്ണി മാഷ്, കുഞ്ഞിക്കണ്ണൻ, ഞാൻ തുടങ്ങി

**അധികാരത്തിനു വേണ്ടി നായനാർ എന്തും ചെയ്യും. ബദൽരേഖ അവതരിപ്പിച്ച് തോറ്റശേഷം നായനാർ പറഞ്ഞിട്ടാണ് വിയോജനക്കുറിപ്പെഴുതിയത്. ആ നായനാറാണ് പിന്നെ ഞങ്ങളെ പുറത്താക്കാൻ അവരോടൊപ്പം കൂടുന്നത്. അങ്ങനെയുള്ള വഞ്ചകനാണ് നായനാർ.**

സെക്രട്ടേറിയറ്റ് ഭൂരിപക്ഷവും നായനാറാവട്ടെ എന്നു പറഞ്ഞു. നമ്പൂതിരിപ്പാടിന് രാമകൃഷ്ണനോടാണ് താത്പര്യം. അന്ന് ഞങ്ങളുടെ ശക്തി കൊണ്ടാണ് നായനാർ മുഖ്യമന്ത്രിയായത്. ഞങ്ങളെ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ സഹായിക്കാം എന്ന് നമ്പൂതിരിപ്പാടിന് നായനാർ വാക്കു കൊടുത്തിരുന്നു എന്ന് പിന്നീടാണ് ഞങ്ങളറിയുന്നത്. രണ്ടാം ഘട്ടത്തിൽ അയാൾ മുഖ്യമന്ത്രിയാവുന്നത് അങ്ങനെയാണ്. മൂന്നാം ഘട്ടത്തിൽ അച്യുതാനന്ദനെ ഇൻഡയറക്ടായി തോൽപിച്ച്, ഡയറക്ടായി അച്യുതാനന്ദനെ സഹായിക്കുന്നു എന്ന് ധാരണയുണ്ടാക്കി, മൂന്നാമതും മുഖ്യമന്ത്രിയായി. അങ്ങനെ ഓരോ ഘട്ടത്തിലും കളിച്ചാണ് നായനാർ മുഖ്യമന്ത്രിയാവുന്നത്. അധികാരത്തിനു വേണ്ടി നായനാർ എന്തും ചെയ്യും. ഈ ബദൽരേഖ

പി.വി. കുഞ്ഞിക്കണ്ണൻ



സെൻട്രൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് തോറ്റശേഷം നായനാർ പറഞ്ഞിട്ടാണ് ഞങ്ങൾ വിയോജനക്കുറിപ്പെഴുതിയത്. ആ നായനാറാണ് പിന്നെ ഞങ്ങളെ പുറത്താക്കാൻ അവരോടൊപ്പം കൂടുന്നത്. അങ്ങനെയുള്ള വഞ്ചകനാണ് നായനാർ.

**■ പക്ഷേ, നായനാർ വളരെ നിഷ്കളങ്കനായിരുന്നു എന്നൊക്കെ...**

ഒരു നിഷ്കളങ്കതയുമില്ല. അയാളെ കാര്യം നോക്കുകന്നല്ലാതെ... ഒരു നിഷ്കളങ്കതയുമില്ല.

**■ കേരളത്തിൽ ഇത്ര ദീർഘകാലം മുഖ്യമന്ത്രിയായിരിക്കാനുള്ള ഒരു പ്രാഗത്ഭ്യം നിഷ്പക്ഷമായി ആലോചിക്കുമ്പോൾ സഖാവ് നായനാർക്കുണ്ടായിരുന്നോ?**

ഒരു കഴിവുമില്ല. അതാ ഞാൻ പറഞ്ഞേ, അവസരവാദപരമായ നിലപാട് സ്വീകരിച്ച് ഓരോ ഘട്ടത്തിലും ഓരോ ആളെ പിടിച്ചാണ് നായനാർ ഓരോ കാര്യവും നേടിയത്. അല്ലാതെ നേതൃഗുണം കൊണ്ടോ ഭരണ നേട്ടം കൊണ്ടോ ഒന്നുമല്ല.

**■ സി.പി.എമ്മിലായിരിക്കുമ്പോ താങ്കളുടെ മുഖ്യ എതിരാളിയായിരുന്നു സീതിഹാജി. സീതിഹാജിയെയും എം.വി.ആറിനെയും കൂട്ടിക്കെട്ടിക്കൊണ്ടുതന്നെ ധാരാളം കഥകളുണ്ട്. പിൽക്കാലത്ത് സീതിഹാജിയോടൊപ്പം പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ എന്തുതോന്നി?**

സീതി ഹാജി ഒരു നല്ല മനുഷ്യനാ. വലിയ വിദ്യാഭ്യാസമുണ്ട് രാഷ്ട്രതന്ത്രമുണ്ട് എന്നൊന്നും ഞാൻ പറയുന്നില്ല. എന്നാൽ ആത്മാർഥമായി പറഞ്ഞ കാര്യങ്ങൾ നിറവേറ്റുന്ന ഒരാളാണ് സീതിഹാജി. സീതി ഹാജിയെക്കുറിച്ച് പല തമാശകളും ഉണ്ട്. മുൻപ് മുസ്ലീം ലീഗ് ഐക്യമുന്നണി വിട്ടപ്പോൾ വീണ്ടും ലീഗിനെ ഐക്യമുന്നണിയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചത് സീതിഹാജിയാണ്. പക്ഷേ, മുസ്ലിംലീഗ് സീതിഹാജിയോട് നീതി ചെയ്തില്ല. ലീഗുൾപ്പടെ ഐക്യമുന്നണി അസംബ്ലിയിൽ ഭൂരിപക്ഷം നേടിയ ഘട്ടത്തിൽ സീതിഹാജിയെ മന്ത്രിയാക്കിയില്ല. അതിൽ സീതിഹാജി വളരെ ദുഃഖിതനാണ് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അന്ന് കരുണാകരനാണ് ഒരു തീരുമാനമെടുത്തത് ഇയാളെ ചീഫ് വിപ്പാക്കണമെന്ന്. സീതിഹാജി എന്നോടും മറ്റു സുഹൃത്തുക്കളോടും പറഞ്ഞു, എന്തിനാണ് ഞാൻ ചീഫ് വിപ്പാകുന്നത്. അന്ന് അദ്ദേഹത്തിന് കാൻസർ ബാധ തുടങ്ങിയിരുന്നു. ഞാൻ പറഞ്ഞു നിങ്ങൾ പറയുന്നത് ശരിയാണ്. പക്ഷേ, ഇപ്പോ ഇത് സ്വീകരിക്കണം. അതുപോലെ പല സുഹൃത്തുക്കളും പറഞ്ഞതുകൊണ്ടാണ് സീതിഹാജി അന്ന് ചീഫ്‌വിപ്പായത്. ഞാൻ സി.പി.എമ്മിലുള്ളപ്പോൾ മരം കള്ളാ എന്നാണ് സീതിഹാജിയെ വിളിക്കാറ്. അത് കഴിഞ്ഞാൽ മെല്ലെ എതിർ ബെഞ്ചില് വരും. നിൻെറയൊന്നും ഏശിയിട്ടില്ലെടോ എന്നു പറയും (ചിരിക്കുന്നു...) ചില ദിവസങ്ങളിൽ പറയും, അത്ര വേണ്ടായീനു രാഘവാ. ഞങ്ങൾ തമ്മില് നടത്തുന്നത് വെറും യുദ്ധം മാത്രമാണ് എന്നാ പത്രക്കാര് പറയുക. നിയമസഭയിൽ ഞാൻ സീതിഹാജിയെ തെറി വിളിച്ച ദിവസവും ഞങ്ങൾ കാൻറീനിൽ ചെന്ന് ഒന്നിച്ച് ചായ കുടിക്കാറുണ്ട്. അങ്ങനെയൊരു സുഹൃദ്ബന്ധമുണ്ട്.



സീതിഹാജി

**■ സത്യത്തിൽ അദ്ദേഹം തമാശ പറയുന്ന ആൾ തന്നെയായിരുന്നോ?**

നല്ല തമാശകൾ പറയും. കൊറേ കെട്ട് കഥകളുമുണ്ട്. തമാശ പറയുന്ന ആളെന്നു വെച്ചാൽ ഒരു ദിവസം റവന്യൂ മന്ത്രിയായ ചന്ദ്രശേഖരൻ എന്തോ മറുപടി പറയുമ്പോ സീതിഹാജി എണീറ്റ് എന്തോ ഒരു ചോദ്യം ചോദിക്കാൻ ശ്രമിച്ചു. ചന്ദ്രശേഖരൻ വഴങ്ങിയില്ല. അപ്പോ സീതിഹാജി പറഞ്ഞു: ഇവനെ ബ്രഹ്മാവ് സൃഷ്ടിക്കുമ്പോ ബുദ്ധിവേണോ

**ഒരിക്കൽ നായനാർ സംസാരിക്കുമ്പോ ചോദ്യവുമായി സീതിഹാജി എഴുന്നേറ്റു. നായനാറ് വഴങ്ങിയില്ല. ഉടനെ വന്നു കമൻറ്. ഈ നായനാറും ഞാനും ഇംഗ്ലീഷ് പറയാൻ തുടങ്ങിയതിൽ പിന്നെയാണ് വെള്ളക്കാർ ഇന്ത്യ വിട്ടത്! ഇതൊക്കെ സീതിഹാജിയുടെ ഒറിജിനൽ തമാശകളാ.**

തടിവേണോ എന്നു ചോദിച്ചു. തടി മതി എന്നു പറഞ്ഞു. അതാ ഇങ്ങനെയായിപ്പോയത്... (എം.വി.ആറിന് ചിരിയടക്കാനാവുന്നില്ല. അതേ ചിരിയോടെ തുടരുന്നു) ഒരിക്കൽ നായനാര് സംസാരിക്കുമ്പോ എന്തോ ചോദ്യവുമായി സീതിഹാജി എഴുന്നേറ്റു. നായനാറ് വഴങ്ങിയില്ല. ഉടനെ വന്നു സീതിഹാജിയുടെ കമൻറ്. ഈ നായനാറും ഞാനും ഇംഗ്ലീഷ് പറയാൻ തുടങ്ങിയതിൽ പിന്നെയാണ് വെള്ളക്കാർ ഇന്ത്യ വിട്ടത്! ഇതൊക്കെ സീതിഹാജിയുടെ ഒറിജിനൽ തമാശകളാ. ഇയാള് പറയാത്ത കഥകളുമുണ്ട്. ഒരിക്കൽ സീതിഹാജി ഇന്ദിരാഗാന്ധിയെ കാണാൻ പോയി. ഇന്ദിരാഗാന്ധി ചോദിച്ചു: ആർ യു സീ...അറിയോന്നാ ങ്ങള് നമ്മളെ നെഹ്റൂൻെറ മോളല്ലെ... അതെല്ലാം ഉണ്ടാക്കിയതാ.

**■ നായനാരെക്കാൾ നിഷ്കളങ്കനായിരുന്നോ സീതിഹാജി?**

അതെ. അയാള് അയാളെ കാര്യങ്ങള് തുറന്ന് പറയും.

**■ രാഷ്ട്രീയത്തിൽ പ്രത്യേകമായ ഒരു പ്രവർത്തനശൈലിയുടെ ഉടമയാണല്ലോ കെ. കരുണാകരൻ. കരുണാകരനെ കുറിച്ചുള്ള അഭിപ്രായം?**

കെ. കരുണാകരൻ ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചാൽ അതിൻെറ തെറ്റും ശരിയുമല്ല... അത് ചെയ്തിരിക്കും. അത് അയാളുടെ സ്വഭാവമാ. കരുണാകരൻെറ പൊലീസ് നയത്തിനെ ഞാൻ ദീർഘകാലം എതിർത്തിരുന്നു.

**■ ഒരു കാലത്ത് ശക്തമായി എതിർത്തവരോടൊപ്പം പിൽക്കാലത്ത് ഒന്നിച്ച് പ്രവർത്തിക്കേണ്ടി വന്നപ്പോഴുണ്ടായ മാനസികമായ പ്രശ്നങ്ങൾ...**

അവരൊക്കെയായി മാനസികമായി യോജിപ്പുണ്ടായി എന്നൊന്നും പറഞ്ഞുകൂടാ. യു.ഡി.എഫിൽ മുമ്പൊരു ഭിന്നിപ്പുണ്ടായല്ലൊ. കരുണാകരനെ മാറ്റി എ.കെ. ആൻറണിയെ മുഖ്യമന്ത്രിയാക്കണമെന്ന് പറഞ്ഞ്. അന്നും ഞങ്ങളും എൻ.എസ്.എസും കരുണാകരന് അനുകൂലമായിട്ടാണ് നിന്നത്. കരുണാകരൻെറ കാര്യത്തിൽ പറയാനാവുന്നത് അയാൾ നിലനിൽപ്പിന് വേണ്ടി എന്ത് അടവുകളും എടുക്കും. അത് നമുക്ക് ഊഹിക്കാൻ കഴിയില്ല... കരുണാകരൻെറ എല്ലാ സൂത്രവും പിന്നീട് പൊളിഞ്ഞു പോയി. എങ്ങനെയല്ലോ കഷ്ടപ്പെട്ട് അയാള് നീന്തിക്കയറി...

**■ അങ്ങ് നല്ലൊരു വായനക്കാരനാണെന്ന് കേട്ടിട്ടുണ്ട്.**

മുൻപ് നന്നായി വായിക്കുമായിരുന്നു. മാർകിസ്റ്റ് സാഹിത്യങ്ങളാണ് അധികവും വായിച്ചത്. കൂത്തുപറമ്പ് വെടിവെപ്പിനെ തുടർന്ന് പാപ്പിനിശ്ശേരിയിലെ എൻെറ വീട് കത്തിച്ചു. അപ്പോ പുസ്തകങ്ങളും ചാമ്പലായി. വീട് കത്തിയത് നോക്കാൻ പോകുമ്പോഴാ വേറൊരു രസം. നമ്പൂതിരിപ്പാടിൻെറ പുസ്തകം മാത്രം കത്തിച്ചിട്ടില്ല. എംഗൽസിൻെറയും മാർക്സിൻെറയും പുസ്തകങ്ങൾ കത്തിച്ചിട്ടുണ്ട്. ഈ താടിക്കാരേതാണെന്ന് പിള്ളർക്ക് മനസ്സിലായിട്ടില്ല. ആ വീട് ഒരു സ്മാരകമായിട്ട് അവിടെ കിടക്കുന്നുണ്ട്.

**■ മുൻപ് പാർട്ടിക്ക് വേണ്ടി അടികൊടുക്കുകയും കൊള്ളുകയും ചെയ്ത ആളെ കൈകാര്യം ചെയ്യാൻ ഡി.വൈ.എഫ്. ഐ.ക്കാർ അഗ്രസീവായി വന്നപ്പോൾ എന്തു തോന്നി?**

പാർട്ടി ഓർഗനൈസ് ചെയ്തതല്ലെ. എം.വി. രാഘവൻ വർഗശത്രുവാണ്. വർഗശത്രുവിനെ നശിപ്പിക്കാതെ പാർട്ടിക്ക് മുന്നോട്ടു പോകാൻ കഴിയില്ല. ഇങ്ങനെ പറഞ്ഞ് ഓർഗനൈസ് ചെയ്ത ആക്രമണാണ്. പാമ്പ് പാർക്ക് കത്തിച്ചത്, വീട് കത്തിച്ചത്...

**■ സ്നേക്ക്പാർക്ക് കത്തിച്ചപ്പോൾ വിജയൻമാഷ് അതിനെ അനുകൂലിച്ചു പ്രസംഗിച്ചു.**

(ചിരി) വിജയൻ മാഷ് അത് ശരി ▶

യായി എന്നു പറഞ്ഞു.

■ **അത് അമ്പരപ്പ് സൃഷ്ടിച്ചോ?**

ഹേയ്. അയാള് സാഹിത്യം പറയുന്നയാളല്ലെ. സാഹിത്യം പറയുന്നതുകൊണ്ട് നമ്പൂതിരിപ്പാട് കൊണ്ടുനടന്നു. അല്ലെങ്കിൽ അല്പം ബുദ്ധിയുള്ളയാള് മിണ്ടാപ്രാണികളെ കൊന്നത് ശരിയാണെന്ന് പറയുമോ... പിന്നെ വിജയൻമാഷുമായി വ്യക്തിപരമായി അടുപ്പമൊന്നുമില്ല. അമ്പരപ്പുണ്ടാക്കിയത് ആ സമയത്ത് നായനാരുടെയൊക്കെ നിലപാടാണ്. നമ്പൂതിരിപ്പാട് കുറച്ചുകാലം കൂടി ജീവിച്ചിരിക്കണേ എന്ന് ഞാൻ പ്രസംഗിച്ചു നടന്നിട്ടുണ്ട്. എന്നാൽ ഈ പാർട്ടീന്ന് പുറത്താക്കുന്നത് കാണാമായിരുന്നു. പാലക്കാട് സമ്മേളനത്തിൽ പതിനെട്ട് വോട്ടിന് പിറകിലാ നമ്പൂതിരിപ്പാട്. എല്ലാ പ്രതിനിധികളുടേയും വിശ്വാസം ആർജിക്കാൻ കഴിഞ്ഞിട്ടില്ല. നായനാർ ഗ്രൂപ്പ്, സി.ഐ.ടി.യു. ഗ്രൂപ്പ് എന്നൊക്കെ പറഞ്ഞിരുന്ന കാലത്ത് യഥാർഥഗ്രൂപ്പ് നമ്പൂതിരിപ്പാടിൻേറതായിരുന്നു. നമ്പൂതിരിപ്പാട് ഒരു പുകമറ സൃഷ്ടിക്കും.

■ **ഏത് പുസ്തകമാണ് വ്യക്തിപരമായി ഏറ്റവും സ്വാധീനിച്ചത്?**

ചെക്കോസ്ലാവാക്കിയൻ കമ്യൂണിസ്റ്റ് നേതാവ് ജൂലിയസ് ഫ്യൂച്ചിക്കിൻെറ പുസ്തകം, മറ്റൊരു പുസ്തകം, കമ്യൂണിസ്റ്റുകാരുടെ ഭരണത്തോടുള്ള സമീപനം പ്രശംസമായ രീതിയിൽ ലെനിൻ എഴുതിയതാണ്. ഇപ്പോൾ നമ്മുടെ പിണറായി വിജയൻ പറയുന്നില്ലെ, ലെനിനിസ്റ്റ് സംഘടനാ തത്ത്വം. ഓനെന്ത് ലെനിനിസ്റ്റ് സംഘടനാതത്ത്വമാണറിയുക? കാലഘട്ടത്തിനനുയോജ്യമായ ഒരു സ്ട്രാറ്റജിയെ കുറിച്ചാണ് ലെനിൻ പറയുന്നത്. ഞങ്ങള് പാർട്ടിയുണ്ടാക്കിയപ്പോ രണ്ടു മൂന്ന് കാര്യങ്ങൾ ഞങ്ങൾ ഡിക്ലയർ ചെയ്തതാണ്. ബലം പ്രയോഗിച്ച വിപ്ലവം ഇന്നത്തെ ലോകത്ത് അനിവാര്യമല്ല. തൊഴിലാളി സർവാധിപത്യവും അനിവാര്യമല്ല. പിന്നെ ജനാധിപത്യ കേന്ദ്രീകരണവും അനിവാര്യമല്ല. ജനാധിപത്യ കേന്ദ്രീകരണമാണ് സ്റ്റാലിനെ ഏകാധിപത്യത്തിലേക്കെത്തിച്ചത്. അതുകൊണ്ട് ഈ രണ്ടു മൂന്ന് ലെനിനിസ്റ്റ് രീതികൾ ഇന്നത്തെ ലോകത്ത് അനിവാര്യമല്ല.



കൂത്തുപറമ്പ് സംഭവത്തെ തുടർന്ന് എം.വി. ആറിൻെറ പാപ്പിനിശ്ശേരിയിലെ വീട് കത്തിച്ചപ്പോൾ

**പാപ്പിനിശ്ശേരിയിലെ വീട് കത്തിച്ചപ്പോ പുസ്തകങ്ങളും ചാമ്പലായി. അത് നോക്കാൻ പോകുമ്പോഴാ വേറൊരു രസം. നമ്പൂതിരിപ്പാടിൻെറ പുസ്തകം മാത്രം കത്തിച്ചില്ല. എംഗൽസിൻെറയും മാർക്സിൻെറയും പുസ്തകങ്ങൾ കത്തിച്ചു. ഈ താടിക്കാരേതാണെന്ന് പിള്ളർക്ക് മനസ്സിലായിട്ടില്ല.**

■ **ഒരു കാലത്ത് എം.വി.ആർ. വളരെ വാത്സല്യം കൊടുത്ത ആളല്ലെ പിണറായി വിജയൻ.**

അതെ. നമ്മള് കൊണ്ട് നടന്നതല്ലെ.

■ **വായനയിലേക്ക് തിരിച്ചുവരാം. മലയാളത്തിൽ ഏറ്റവും സ്വാധീനിച്ച പുസ്തകം?**

എ.കെ.ജി.യുടെ ആത്മകഥ. പ്രായോഗിക പ്രവർത്തനത്തിന് ഒരു മാർഗദർശനമാണ്. പ്രായോഗിക പ്രവർത്തനമുണ്ടാക്കാൻ ഒരു ഉശിരും വീര്യവും ഉണ്ടാക്കുന്ന പുസ്തകമാണ്. ഇ.എം.എസ്സിൻെറ പുസ്തകങ്ങൾ അനേകം വായിച്ചിട്ടുണ്ട്. പക്ഷേ, ഒരിക്കൽ പറഞ്ഞതല്ല മറ്റൊരിക്കൽ പറയുക. മുൻപ് മദനിയെയും മഹാത്മാഗാന്ധിയെയും താരതമ്യപ്പെടുത്തിയ സംഭവം... സെൻട്രൽ കമ്മിറ്റി പിന്നീട് താക്കീത് ചെയ്തു.

■ **മദനിയെ ആദ്യം പ്രകീർത്തിച്ചത് വാസ്തവത്തിൽ ഇ.എം.എസ്. അല്ലെ?**

അതെ. പിണറായി വിജയൻെറ ധാരണ അതല്ല. ഓൻെറ ധാരണ, മുസ്ലീംകളുടെ മതബോധം ഉപയോഗിച്ച് ക്രിസ്ത്യൻ വോട്ടു പോയാലും പിടിച്ചു നിന്ന് ജയിക്കാമെന്നാണ്. അത്തന്നെ തെറ്റാണ്. ഇന്ത്യൻ മുസ്ലിംകൾ വർഗീയതയല്ല ആഗ്രഹിക്കുന്നത്, മൈനോറിറ്റിയുടെ സംരക്ഷണമാണ്. മുസ്ലിംകൾ മുസ്ലിം തീവ്രവാദത്തിൽ വിശ്വസിക്കുന്നില്ല. അവർക്ക് പ്രൊട്ടക്ഷൻ കിട്ടണം. പിണറായി ധരിച്ചത് മുസ്ലിം വർഗീയത ഉപയോഗിക്കാം എന്നാണ്. മാർക്സിസ്റ്റുകാർ സാധാരണ ചെയ്യേണ്ടത്, ശത്രുവിൻെറ ബലം കുറക്കാനാണ്, പ്രകാശ് കാരാട്ടും പിണറായി വിജയനും ശത്രുക്കളെ ഒന്നിപ്പിക്കാനാണ് ശ്രമിച്ചത്. മമതാ ബാനർജിയും കോൺഗ്രസും ഒന്നിക്കുന്ന ഒരു സ്ഥിതിയുണ്ടാക്കിയത് ഇവരല്ലെ? ഇവരെന്തിനാണ് മൂന്നാം മുന്നണിയുണ്ടാക്കാൻ ശ്രമിച്ചത്? സി.പി.എം. ഒരുറച്ച സ്റ്റാൻറ് എടുത്തിരുന്നെങ്കിൽ ബംഗാളിൽ തൃണമൂലും കോൺഗ്രസ്സും ഒന്നിക്കില്ലായിരുന്നു. സി.പി.എം. ബംഗാളിൽ തുടരുന്ന കാർഷിക വിരുദ്ധനയങ്ങളും തിരിച്ചടിക്ക് കാരണമായി. ഇന്ത്യൻ കമ്യൂണിസ്റ്റ് മൂവ്മെൻറിന് ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്.

■ **പ്രകാശ് കാരാട്ട് പ്രായോഗിക തലത്തിൽ വലിയ പരാജയമെന്നാണോ?**

അതെ, അയാൾ പ്രാക്ടിക്കലല്ല. ക്യാമ്പസ് റിക്രൂട്ട്മെൻറാണ്. എ.കെ.ജിൻെറ ബാഗെടുത്ത് ഇവനുണ്ടാകും. ബസവ പുന്നയ്യയുടെ പെട്ടിയെടുത്ത് യെച്ചൂരിയും അത് മോശമല്ല. കമ്യൂണിസ്റ്റ് പാർട്ടിയിൽ ഒരു മെമ്പറാകണമെങ്കിൽ തൊഴിലാളി സമരം, കാർഷിക സമരം, ജനകീയ പ്രക്ഷോഭം, ജയിലിൽ കിടക്കൽ...ഇങ്ങനെ പരീക്ഷണവിധേയമായിട്ടാണ് മുൻപ് പാർട്ടി മെമ്പറാക്കുക. ആ തലമുറ മുഴുവൻ പോയില്ലെ. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാൻ കോൺഗ്രസ് അടക്കമുള്ളവർ പിന്താങ്ങിയപ്പോൾ ഈ പ്രകാശ് കാരാട്ടല്ലെ എതിർത്തത്. അങ്ങനെയല്ലെ വിവരമില്ലാത്ത ഗൗഡ വന്നത് (ചിരിക്കുന്നു). ജ്യോതിബസു അന്നേരംതന്നെ പറഞ്ഞു ഹിസ്റ്റോറിക്കൽ ബ്ലണ്ടർ എന്ന്. ജ്യോതിബസു പ്രധാനമന്ത്രിയാവണ്ട എന്ന് പറഞ്ഞ് നടന്നോൻ യു.പി.യിലെ മായാവതി പ്രധാനമന്ത്രിയാവാം എന്ന് പറഞ്ഞുനടക്കേണ്ട ഗതികേടിലെത്തി. മായാവതി അഴിമതിൻെറ രാജാവാന്ന് എന്ന് ഇവര്തന്നെ പ്രസംഗിച്ച് നടന്നതാ. ഈ കൊള്ളരു

പ്രകാശ് കാരാട്ട്



തായ്യ കൊണ്ടെല്ലാമാണ് കോൺഗ്രസ് രക്ഷപ്പെട്ടത്.

■ **കേരളത്തിലെ സി.പി.എമ്മിൽ ഏതെങ്കിലും തരത്തിലുള്ള ജാതി പ്രാധാന്യം ഉണ്ടോ? അല്ലെങ്കിൽ ജാതീയമായ ഗ്രൂപ്പിസം പ്രവർത്തിക്കുന്നുണ്ടോ?**

ഹേയ്... ചില പ്രദേശത്ത് നടക്കുന്നുണ്ടാവാം. അല്ലാതെ... തിരഞ്ഞെടുപ്പ് വരുമ്പോ എല്ലാ കക്ഷികളും ഇപ്പോ ജാതി നോക്കുന്നില്ലെ...

■ **മാടായി, ഏഴോം, കല്യാശ്ശേരി ഇവിടെയൊക്കെ നമ്പ്യാന്മാർക്കല്ലെ പാർട്ടിയിൽ സ്വാധീനം?**

മാടായീല് പ്രമാണികളായ നമ്പ്യാന്മാരുണ്ടോ? അത്... ഫ്യൂഡൽ വിഭാഗത്തിൽനിന്നു വരുന്നവരുണ്ടാവാം. ഇപ്പോ കെ.പി.ആർ, കേരളീയൻ, വിഷ്ണു ഭാരതീയൻ, നായനാർ... ഇവരൊക്കെ ഫ്യൂഡൽ വിഭാഗത്തിൽ നിന്നുതന്നെ അതിനോട് ഫൈറ്റ് ചെയ്ത് വന്നവരാണ്. പണ്ട് കോൽക്കളിയിൽ ഞങ്ങള് പാട്ട് പാടിയത് അതാണ്:

കേരളത്തിൽ പേർ പുകന്ന
രാഷ്ട്രീയ നേതാക്കാം
കേരളീയൻ കെ.പി.ആറ്
എ.കെ. ഗോപാലൻ...

ഇവരൊക്കെ ഫൈറ്റ് ചെയ്തു വന്ന ലീഡർഷിപ്പാ. പിന്നെ കാന്തലോട് കുഞ്ഞമ്പു എന്നോട് പറയാറുണ്ട്: എടോ നിൻെറ പാർട്ടി നമ്മള് തീയ്യരെയല്ലെ മുഴുവൻ കൊലക്ക് കൊടുക്കുന്നത്? അപ്പോ ഞാൻ ചോദിച്ചു: സേലം വെടിവെപ്പിൽ കൊല്ലപ്പെട്ടത് മുഴുവൻ നമ്പ്യാന്മാരല്ലെ?

■ **വ്യക്തിപരമായ ജീവിതത്തിലേക്ക് തിരിച്ച് വരുമ്പോ, സിനിമ നന്നായി കാണാറുണ്ടെന്ന് കേട്ടു.**

വെറുതെയിരിക്കുമ്പോ കാണും. പിന്നെ ടെൻഷനുള്ള സമയത്ത്... പക്ഷേ, അങ്ങനെ ഡീപ്പായിട്ടൊന്നും കാണാറില്ല... സിനിമ എനിക്കിഷ്ടമാണ്...

■ **കേരളത്തിൽ പലരും മക്കളെ രാഷ്ട്രീയത്തിലേക്ക് ഉയർത്തിക്കൊണ്ടു വരാൻ ശ്രമിക്കാറുണ്ട്. അങ്ങ് മക്കളെ ആ വഴിയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചില്ല. ബോധപൂർവമാണോ?**

അത് പൊതുവെ ഞാനിഷ്ടപ്പെടുന്നില്ല. മക്കാം അവരുടേതായ വഴികാം കണ്ടെത്തി...

■ **പത്രപ്രവർത്തകനായ ഗിരീഷ് കുമാർ, പിന്നെ നികേഷ് കുമാർ... ഇവരുടെ പ്രവർത്തനങ്ങളെ അച്ഛൻ എന്ന നിലയിൽ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

അവരുടെ രീതി അനുസരിച്ച് അവർ പ്രവർത്തിക്കുന്നു.

■ **നികേഷ് കുമാർ ഇപ്പോഴും വളരെ പോപ്പുലറാണല്ലോ. നികേഷിൻെറ വാർത്താവതരണ രീതിയെ ഒരു പ്രേക്ഷകൻ എന്ന നിലയിൽ എങ്ങനെ കാണുന്നു?**

പ്രേക്ഷകൻ എന്ന നിലയിൽ ഞാൻ ഓനോട് പറയാറുണ്ട്, അധികം ആവേശം കാണിക്കണ്ട എന്ന്. അധികം ആവേശം കാണിക്കണ്ട. ചില അവതരണരീതി കുഴപ്പമില്ല. കഴിഞ്ഞ നിയമസഭാ ഇലക്ഷനിൽ യു.ഡി.എഫ്. ഓനെക്കുറിച്ച് വലിയ കംപ്ലയിൻറാണ് പറഞ്ഞത്. എന്നെക്കുറിച്ചും മുനീറിനെ കുറിച്ചും ആക്ഷേപമുണ്ടായിട്ടുണ്ട്. ഈ രണ്ട് മന്ത്രിമാരുടെ മക്കളാ തോൽപിച്ചതെന്ന്... (ചിരിക്കുന്നു). നികേഷിൻെറ ചാനലിലെ പ്രസൻേറഷൻ യു.ഡി.എഫിനും കോൺഗ്രസ്സിനും അനുകൂലമായിരുന്നില്ല എന്നാ ആക്ഷേപം. പിന്നെ ഇന്ത്യാവിഷനിൽ എനിക്ക് ഷെയറ്ണ്ടെന്നാണ് സി.പി.എം. പ്രചരിപ്പിക്കുന്നത്... ഏടയെത്തി ഓറെ ചർച്ച... (കേരളത്തിലെ പ്രശ്നങ്ങം കേന്ദ്രക്കമ്മിറ്റി ചർച്ച ചെയ്യുന്നതിൻെറ ന്യൂസ് ഫ്ളാഷ് കാണാൻ എം.വി.ആറിൻെറ സഹായി ടെലിവിഷൻ ഓൺ ചെയ്യുന്നു. എം.വി. ആർ ഗൗരവത്തോടെ വാർത്ത കാണുന്നു. വലിയൊരു ഭൂതകാലത്തേക്ക് ആ മനസ്സ് പോകുന്നതുപോലെ തോന്നി. ടി.വി. ഓഫ് ചെയ്ത് കുറച്ചു നേരം മൗനം, ആലോചന...)

■ **രാഷ്ട്രീയം മക്കളോട് ചർച്ച ചെയ്യാറുണ്ടോ?**

ഹേയ്. അത് പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ഒന്നും പറയാറില്ല. കുടുംബത്തിൽ രാഷ്ട്രീയം ഒരു ചർച്ചാവിഷയമേ അല്ല... ചിലപ്പോ തമാശ പറയുമ്പോ ഇന്നത് പറഞ്ഞത് മോശമായിപ്പോയി എന്ന് അങ്ങോട്ടുമിങ്ങോട്ടും പറയും.

■ **നിരീശ്വരവാദിയാണെന്ന് കേട്ടിട്ടുണ്ട്.**

ദൈവവിശ്വാസമില്ല. അത് ഞാൻ മാത്രമല്ല. നമ്മളെ ഭാര്യ അമ്പലത്തി ▶

**പ്രേക്ഷകൻ എന്ന നിലയിൽ ഞാൻ നികേഷിനോട് പറയാറുണ്ട്, അധികം ആവേശം കാണിക്കണ്ട എന്ന്. നിയമസഭാ ഇലക്ഷനിൽ യു.ഡി. എഫ്. ഓനെക്കുറിച്ച് വലിയ കംപ്ലയിൻറാണ് പറഞ്ഞത്. ഇന്ത്യാവിഷനിൽ എനിക്ക് ഷെയറ് ണ്ടെന്നാണ് സി.പി.എം. പ്രചരിപ്പിക്കുന്നത്...**



എം.വി.ആറിൻെറ കുടുംബം

ലൊന്നും പോകാറില്ല. ഇപ്പോ നമ്മ ളെ രാജേഷ് (മകൻ) ചെലപ്പോ കു റിയൊക്കെ തൊട്ടിട്ട് വരുന്നത് കാ ണാം. നീ ദൈവവിശ്വാസി ആയോ ടാ എന്ന് ഞാൻ ഓനോട് ചോദിച്ചു. എന്തോ ഓന് പറ്റീട്ട്ണ്ട് (ചിരിക്കു ന്നു).

■ **ഗിരീഷും നികേഷും ദൈവവിശ്വാസികളാണ് എന്നാണ് കേൾക്കുന്നത്...**

ഹേയ്... (അദ്ഭുതത്തോടെ നോക്കുന്നു) ഓറ് അമ്പലത്തിൽ പോകാറുണ്ടോ? ഹേയ്... ഇല്ല... വീട്ടിന്റെ അന്തരീക്ഷത്തിൽ ദൈവവിശ്വാസം ഇല്ല. പിന്നെ ജാതകം നോക്കുക, ജോത്സ്യന്റെ അടുത്ത് പോകുക... അതൊന്നുമില്ല. പറഞ്ഞുപറഞ്ഞ് എല്ലാ ജാതിയുമായി ഈട. ഹിന്ദു രണ്ട് ജാതിയിൽ പെട്ടതാണ് ഗിരീഷനും ജ്യോതിയും. ആ പെണ്ണ് മാത്രമാണ് (മൂത്തമകൾ ഗിരിജ) സ്വയം തീരുമാനിക്കാണ്ട് വിവാഹം ചെയ്തത്. ആൺമക്കളെല്ലം അവരുടെ പെണ്ണിനെ സ്വയം കണ്ടെത്തിയതാ. നികേഷിന്റെ പെണ്ണ് ക്രിസ്ത്യാനിയാ... ആ ചെക്കൻ (നികേഷ് കുമാറിന്റെ മകൻ) കളിയാക്കാറ്ണ്ട് അച്ഛാച്ഛാ, ഞങ്ങള് ഹിന്ദുക്കളാ. അമ്മ ക്രിസ്ത്യാനിയാ... ഓൻ ചെക്കനെക്കൊണ്ട് പറയിപ്പിച്ചതായിരിക്കും. (ചിരി)...

■ **മുൻപ് മാടായിത്തെരുവിലൂടെ ബാലസംഘം കുട്ടികൾ ഒരു മുദ്രാവാക്യം വിളിച്ച് നടന്നിരുന്നു: എം.വി. ആർ ആരാണെന്നറിയാമോ, ജനകോടികളുടെ നേതാവ്... ആ കുട്ടി സഖാക്കൾ മുതിർന്നപ്പോൾ, എം.വി.ആർ. പാർട്ടിയിൽ നിന്ന് പുറത്തായ സന്ദർഭത്തിൽ മറ്റൊരു മുദ്രാവാക്യം വിളിച്ചു പറഞ്ഞു: എം.വി. ആർ. ആരാണെന്നറിയാമോ, ബൂർഷ്വാസികളുടെ കോടാലി..**

(ചിരിക്കുന്നു) ഞങ്ങള് ഒരു പാർട്ടി ഉണ്ടാക്കണമെന്ന് അങ്ങനെ ആഗ്രഹിച്ചിട്ടൊന്നുമില്ല. നമ്പൂതിരിപ്പാടാണ് ഞങ്ങളെക്കൊണ്ട് അത് ചെയ്യിച്ചത്. പാർട്ടീന്ന് ഞങ്ങളെ സസ്പെൻഡ് ചെയ്തു. സ്വാഭാവികമായും ഒരു വർഷംകൊണ്ട് തിരിച്ചുവരാം. അന്ന് കൺട്രോൾ കമ്മീഷനൊന്നുമില്ല. അതുകൊണ്ട് അപ്പീൽ കൊടുക്കേണ്ട കാര്യമൊന്നും ഉണ്ടായിട്ടില്ല. എന്നെ സസ്പെൻഡ് ചെയ്തതിനു ശേഷം പാർട്ടിശത്രു എന്ന നിലയിലാണ് നമ്പൂതിരിപ്പാട് ഓരോ ജില്ലയിലും പ്രസംഗിച്ച് നടന്നത്... അപ്പീൽ അതോറിറ്റിയായി വരണ്ട നമ്പൂതിരിപ്പാട് തന്നെയാണ് പ്രസംഗിച്ച് നടക്കുന്നത്. എന്നിട്ടും നമ്പൂതിരിപ്പാട് ഇവിടെ വന്നപ്പോ ഇ.പി. കൃഷ്ണൻ നമ്പ്യാര് പറഞ്ഞതനുസരിച്ച്, എനിക്കൊട്ടും താത്പര്യമില്ലാതിരുന്നിട്ട് കൂടി, ഞാൻ ഗസ്റ്റ്ഹൗസിൽ പോയി നമ്പൂതിരിപ്പാടിനെക്കണ്ടു. ഞാൻ നടപടിയെ സംബന്ധിച്ച്

**പാലക്കാട് സമ്മേളനത്തിൽ 18 വോട്ടിന് പിറകിലാ നമ്പൂതിരിപ്പാട്. എല്ലാ പ്രതിനിധികളുടേയും വിശ്വാസം ആർജിക്കാൻ കഴിഞ്ഞിട്ടില്ല. നായനാർ ഗ്രൂപ്പ്, സി.ഐ.ടി.യു. ഗ്രൂപ്പ് എന്നൊക്കെ പറഞ്ഞ കാലത്ത് യഥാർഥഗ്രൂപ്പ് നമ്പൂതിരിപ്പാടിന്റേതായിരുന്നു. ഇ.എം.എസ്. പുകമറ സൃഷ്ടിക്കും.**

ചില കാര്യങ്ങൾ പറയാനാണ് വന്നത്... നമ്പൂതിരിപ്പാട് ചിരിച്ചു. അതൊന്നും എന്നോട് പറയണ്ട. ഞാൻ ഇളിഭ്യനായി. നമ്പൂതിരിപ്പാടിന്റെ നിലപാട് വളരെ മോശമായിരുന്നു. നമ്പൂതിരിപ്പാടുമായുള്ള ഒരു പൊളിറ്റിക്കൽ ഫൈറ്റിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ പുതിയ പാർട്ടി ഉണ്ടാക്കാൻ തീരുമാനിച്ചത്.

■ **ഇന്നും സി.പി.എമ്മിൽ എം.വി.ആറിനോടുള്ള വലിയൊരു ജനസമ്മതി രഹസ്യമായി തുറന്നു പറയുന്ന ഒരു വിഭാഗമുണ്ട്. പ്രത്യേകിച്ചും മലബാറിൽ... ആരെങ്കിലും അങ്ങനെ വന്ന് തുറന്ന് പറഞ്ഞിട്ടുണ്ടോ?**

പഴയ സഖാക്കൾ പറയാറുണ്ട്.

■ **സി.പി.എമ്മിന്റെ ചരിത്രത്തിൽ വളരെ ആർജവത്തോടെ പാർട്ടിയെ നയിച്ചത് ആരാണ്?**

പണ്ട് കൃഷ്ണപ്പിള്ള. പിന്നെ സി.പി.എം. വന്നതിനുശേഷം, എന്തൊക്കെ ദൂഷ്യങ്ങളുണ്ടെങ്കിലും സി.എച്ച്. കണാരൻ. ഇ.എം.എസ്. അയാൾക്കനുകൂലമായി ഒരു ഗ്രൂപ്പിനെ ഉണ്ടാക്കാനാണ് പാർട്ടിയെ ഉപയോഗിച്ചത്.

■ **ഒരുപാട് പാർട്ടിരഹസ്യങ്ങൾ മനസ്സിലുണ്ടാവുമല്ലോ. അതൊക്കെ തുറന്നെഴുതിക്കൂടെ? ഒരാത്മകഥ?**

ശ്രമിക്കുന്നുണ്ട്. പലരും പറയുന്നുണ്ട്.

■ **സി.പി.എമ്മിനെ സംബന്ധിക്കുന്ന പല രഹസ്യങ്ങളും അതിലുണ്ടാവുമെന്ന് പ്രതീക്ഷിക്കാം?**

അതിപ്പം രണ്ടും ഉണ്ടാവും. സി.പി.എമ്മിനെക്കുറിച്ചും യു.ഡി.എഫിനെകുറിച്ചും. പലരും ഇങ്ങനെ പറഞ്ഞോണ്ടിരിക്കുന്നുണ്ട്. സത്യം പറയണ്ടേ... (ചിരിക്കുന്നു). സാമുവൽ ആറോന്റെ ഒരാത്മകഥയുണ്ട്. അയാളാണല്ലോ ഈ കമ്യൂണിസ്റ്റുകാരെ നശിപ്പിച്ചിട്ടേ നടക്കൂ എന്നു പറഞ്ഞുനടന്നയാൾ. 48-ൽ ഗുണ്ടാപ്പട സൃഷ്ടിച്ച് കമ്യൂണിസ്റ്റ്കാരെ വേട്ടയാടിയതിൽ ആറോനും ഒരു പങ്കുണ്ട്. അയാൾ എം.പി.യായിരുന്നു. അയാൾ ആത്മകഥയിൽ എഴുതി: കാമരാജ്, കുമാരസ്വാമി തുടങ്ങിയ പ്രഗത്ഭരായ നേതാക്കൾക്ക് ഞാനെല്ലാ സഹായവും ചെയ്തിട്ടുണ്ട്. പക്ഷേ, ഞാനൊരു പ്രതിസന്ധിയിൽ പ്പെട്ടപ്പോൾ ഒരു മനുഷ്യനും തിരിഞ്ഞു നോക്കിയിട്ടില്ല... അയാളെ കമ്പനി മുഴുവൻ പൂട്ടിച്ചു. ഭൂമിയും പോയി. അപ്പോ ആരും തിരിഞ്ഞു നോക്കാത്തതിനെ കുറിച്ചാണ് ആറോൻ എഴുതിയത്. നിർധനനും നിരാശ്രയനുമായിട്ടാണ് സാമുവൽ ആറോൻ മരിച്ചത്. മുൻപ് മലബാറും കേരളവും ഭരിച്ച ആളാ ആറോൻ. ഞാൻ ആപത്തിൽപ്പെട്ടപ്പോൾ സഹായിക്കുമെന്ന് പ്രതീക്ഷിച്ചവർ സഹായിച്ചില്ല... (നിർത്തി) ഞാൻ പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടായിരുന്നപ്പോ ആറോന്റെ ഭൂമിയിൽ ആയിരം തെങ്ങുകൾ വെച്ചിട്ടുണ്ട്.

■ **പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്നു?**

64 മുതൽ 77 വരെ. പതിമൂന്ന് കൊല്ലം. പഞ്ചായത്തിന്റെ ചരിത്രം എഴുതിയപ്പോ എന്റെ പേര് അതിലില്ലാ എന്ന് ആരോ പറയുന്നത് കേട്ടു...

■ **ഇത്രയും ദീർഘമായ രാഷ്ട്രീയ ജീവിതത്തിൽ ഏറ്റവും കടുത്ത ദുഃഖ**



ഫോട്ടോ: മധുരാജ്

**എം.വി.ആർ, കാന്തലോട്ട് കുഞ്ഞമ്പുവിനെ കല്യാശ്ശേരിയിലെ വീട്ടിൽ സന്ദർശിച്ചപ്പോൾ. ഭാര്യ യശോദടീച്ചർ സമീപം**



കോഴിക്കോട് ടൗൺഹാളിൽ ചേർന്ന സി.എം.പി. പൊതുയോഗത്തിൽ എം.വി. രാഘവൻ സംസാരിക്കുന്നു. കെ. ചാത്തുണ്ണി മാസ്റ്റർ, ചൂരായി ചന്ദ്രൻമാസ്റ്റർ എന്നിവർ വേദിയിൽ

**ഭാരം അനുഭവിച്ചത് ഏത് സന്ദർഭത്തിലാണ്?**

എ.കെ.ജി. മരിച്ചപ്പോൾ ഞാനാണല്ലോ ഡെഡ്ബോഡി തിരുവനന്തപുരത്ത്നിന്ന് കണ്ണൂരേക്ക് കൊണ്ടു വരുന്നത്. സി.എച്ച്. കണാരൻെറയും അഴീക്കോടൻ രാഘവൻെറയും ഡെഡ്ബോഡി ഞാൻതന്നെയാണ് കൊണ്ടുവന്നത്. ഇനി ഈ പാർട്ടിയെ രക്ഷിക്കാൻ ആരുണ്ട് എന്ന ചോദ്യമാണ് എ.കെ.ജി. മരിച്ചപ്പോൾ എൻെറ മനസ്സിലുണ്ടായത്. ആ ചോദ്യത്തിന് ഇന്നും ഉത്തരം കിട്ടിയില്ല. ആരും ഇല്ല (കടുത്ത മൗനം).

■ **ഇന്ന് വി.എസും പിണറായിയും തമ്മിലുള്ള ഭിന്നത ആശയപരമോ ആദർശപരമോ ആണോ?**

രണ്ടുമല്ല. ഒരു ആദർശവുമില്ല. പിണറായി കുറച്ച് ടൈമെടുത്താൽ മതിയായിരുന്നു. അച്യുതാനന്ദനെ തോൽപിച്ചിട്ടാണ് അച്യുതാനന്ദ വിരുദ്ധ ഗ്രൂപ്പുകാർ നായനാരെ മുഖ്യമന്ത്രിയാക്കിയത്. ആ ഒരു പക അയാളെ മനസ്സിലുണ്ട്. അധികാര മോഹമല്ലാതെ യാതൊരു പൊളിറ്റിക്സും ഇപ്പോഴത്തെ പ്രശ്നങ്ങളിൽ ഇല്ല.

■ **വല്ലാത്തൊരു വൈരനിര്യാതന ബുദ്ധി വി.എസിനുണ്ട് എന്ന് ഒരു വിഭാഗം ആക്ഷേപിക്കാറുണ്ടല്ലൊ. ഈ ആക്ഷേപത്തിൽ വാസ്തവമുണ്ടോ?**

ഗ്രൂപ്പിസത്തിൻെറ ആളാ വി.എസ്. ഞാനൊരു സംഭവം പറയാം, എന്നെ സസ്പെൻഡു ചെയ്ത സമയം. ഇയാള് സെക്രട്ടറിയാ. കണ്ണൂര് പാർട്ടി ആപ്പീസിലേക്ക് എന്നെ വിളിപ്പിച്ചു. ഞാൻ പോയി. മേശപ്പുറത്ത് ചായ കൊണ്ടു വെച്ചിട്ടുണ്ട്. ഇയാള് നീട്ടിക്കുറുക്കി പറഞ്ഞു:

ചായ കു...ടി...ക്കൂ..... സഖാ..... വെ...

ഞാൻ പറഞ്ഞു:

വേണ്ട

അയാള്:

എന്തായിത്?

ഞാൻ പറഞ്ഞു:

ഇതിനകത്ത് വല്ല വിഷവും ഇട്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്.

> **എന്നെ സസ്പെൻഡു ചെയ്ത സമയം. വി.എസ്. സെക്രട്ടറിയാ. എന്നെ വിളിപ്പിച്ചു. ഞാൻ പോയി. ചായ കൊണ്ടു വെച്ചിട്ടുണ്ട്. ഇയാള് പറഞ്ഞു: ചായ കു...ടി...ക്കൂ... സഖാ...വെ... ഞാൻ പറഞ്ഞു: വേണ്ട. അയാള്: എന്തായിത്? ഞാൻ പറഞ്ഞു: ഇതിനകത്ത് വല്ല വിഷവും ഇട്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്.**

അയാള്: എന്താ അങ്ങനെ പറഞ്ഞത്?

നിങ്ങളെ ആറ്റിറ്റ്യൂഡ് കാണുമ്പോ ഞാനങ്ങനെ സംശയിച്ചു പോകുന്നു എന്നു ഞാൻ പറഞ്ഞു. അത് കുറേക്കാലം അയാള് പ്രസംഗിച്ചു നടന്നു. (എം.വി.ആർ ചിരിയടക്കാൻ പാടുപെടുന്നു) രാഘവൻ ഞാൻ കൊടുത്ത ചായ പോലും കുടിച്ചില്ല... ആ സമയത്ത് പിണറായി വിജയനുമുണ്ട് ഓഫീസില്.

■ **ചടയൻ ഗോവിന്ദൻ എങ്ങനെയായിരുന്നു?**

ഒരു സാധു. പക്ഷേ, ദുഷ്ടൻെറ ഫലം ചെയ്യും. അങ്ങനെ പറയാൻ പറ്റുന്ന ഒരു നേതാവൊന്നുമല്ല. പിന്നെ പിണറായി വിജയൻെറയത്രയും പാർട്ടിക്ക് ദോഷം ചെയ്തിട്ടില്ല...

■ **സഖാവ് പി.വി. കുഞ്ഞിക്കണ്ണൻ പിന്നീട് ഒറ്റപ്പെട്ട ജീവിതം നയിച്ചു...**

ഞാൻ പറഞ്ഞിരുന്നു നമ്മളോടൊപ്പം വരണ്ട. ഇത് ഏറ് കൊള്ളുന്ന പാർട്ടിയാണ്. കുഞ്ഞിക്കണ്ണൻ ദുർബലനാണ്. മൂപ്പരോട് സി.പി.എമ്മിൽതന്നെ നില്ലാനാണ് ഞാൻ ഉപദേശിച്ചത്. ആ കള്ളന്മാരോടൊപ്പം പോകുന്നില്ല എന്ന് മൂപ്പറ് പറഞ്ഞു. മരിച്ചാ ചോന്ന കൊടി പുതപ്പിക്കണം എന്നതായിരുന്നു മൂപ്പരുടെ ഒരേയൊരു ആഗ്രഹം. അത് ഞങ്ങൾ ചെയ്തു.

■ **അറിയപ്പെടാത്ത ഒരുപാട് സാധാരണ സഖാക്കൾ അച്ചടക്കനടപടിക്ക് വിധേയരായി പുറത്തുപോയിട്ടില്ലെ? ആരും സംരക്ഷിക്കാനില്ലാതെ...**

കൊറേയുണ്ട്. പുത്തലത്ത് നാരായണൻ. പിന്നെ ചന്ദ്രൻ. തിരുവനന്തപുരം ആപ്പീസ് സെക്രട്ടറി. എനിക്ക് ബദൽരേഖയുടെ ഫോട്ടോസ്റ്റാറ്റ് എടുത്തുതന്നു എന്നാണ് ചന്ദ്രനിൽ ചുമത്തിയ കുറ്റം. ഞാൻ സ്റ്റേറ്റ് കമ്മിറ്റിയിൽ പറഞ്ഞു, ഞാൻ സെക്രട്ടറിയേറ്റ് മെമ്പറാണ്. ഞാൻ പറഞ്ഞതുകൊണ്ടാണ് ചന്ദ്രൻ കോപ്പിയെടുത്തത്. അതിന് അയാളെ ശിക്ഷിക്കണ്ട. അതിന് നിങ്ങള് ചന്ദ്രനെ പുറത്താക്കണ്ട കാര്യമില്ല. നമ്പൂതിരിപ്പാടിൻെറ വണ്ടിയോടിച്ചു കൊടുക്കണം, നമ്പൂതിരിപ്പാടിൻെറ എല്ലാ സേവയും ചെയ്യണം... അങ്ങനെയുള്ള ചന്ദ്രനോട് പോലും നമ്പൂതിരിപ്പാടിന് ദയയുണ്ടായിട്ടില്ല. ഇങ്ങനെ എത്ര ആൾക്കാരെ കൊല്ലാക്കൊല ചെയ്തിട്ടുണ്ട് ഈ പാർട്ടി... സി.പി.എം. ആറെസ്സെസ് സംഘട്ടനത്തിൽ ആറെസ്സെസ്സുകാരൻ മരിച്ചു എന്നു കേട്ടാ നിങ്ങളന്വേഷിക്കണം. മരിച്ച ആർ.എസ്.എസ്സുകാരൻ പഴയ സി.പി.എമ്മുകാരനായിരിക്കും. നല്ല ശതമാനം സി.പി.എമ്മിൻെറ പാരമ്പര്യമുള്ളവരെയാണ് ആർ.എസ്.എസ്സുകാർ എന്നു പറഞ്ഞ് സി.പി.എമ്മുകാർ കൊന്നിട്ടുള്ളത്. സി.പി.എമ്മിൽ പിടിച്ചുനില്ലാൻ പറ്റാതെ പുറത്ത് പോകുന്നവർ സ്വയം രക്ഷക്ക് വേണ്ടി ആർ.എസ്.എസ്. ആവുന്നതാണ്.

■ **സി.പി.എമ്മിലേക്ക് ഒരു തിരിച്ചുപോക്ക് അങ്ങും ആഗ്രഹിക്കുന്നുണ്ടാവില്ല. സംഘടനാനിയമങ്ങൾ കൊണ്ട് അത് സാധിക്കുകയുമില്ല. അതുകൊണ്ട് വെറുതെ ഒരു ചോദ്യം... അങ്ങനെ ഒരു ആവശ്യം ഉയർന്നു വരികയാണെങ്കിൽ സി.പി.എമ്മിലേക്ക് തിരിച്ച് പോകുമോ?**

അതൊന്നും നടക്കില്ല. കമ്യൂണിസ്റ്റ് സംഘടനകളെല്ലാം യോജിക്കുന്ന ഒരു കാലഘട്ടത്തിൽ, ഇങ്ങനെയൊരു ആലോചന വന്നേക്കാം... ■